1.

# Shastry III year (VI Semester)
## Paper III Malayalam.

## സംസ്കാരകൈരളി

## ഫോക്‌ലോർ പഠനം.

Ref (പഠന പ്രക്രിയയും ഫോക്‌ലോറും ഒരു
അപഗ്രഥനാത്മക പഠനം
എം.കെ. രാജേഷ്.)

1. ഫോക്‌ലോറിന്റെ പഠനപ്രക്രിയയെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക:-
(പാഠ്യഭാഗത്തോടൊപ്പം, സഹായത്തിനായി നൽകിയിരിക്കുന്ന ലേഖനവും ഉപയോഗപ്പെടുത്തുക:-)

2. ആദിവാസി ജീവിതത്തെക്കുറിച്ച് - പ്രത്യേകിച്ച് അവരുടെ ആചാരങ്ങളെയും സംസ്കാരത്തെയും കുറിച്ച് കുറിപ്പ് തയ്യാറാക്കുക. (നൽകിയിരിക്കുന്ന സഹായക ലേഖനം ആശയങ്ങൾക്ക്) ഉപയോഗിക്കാം

Ref: ജനനം, ജീവിതം, മരണം:
ആചാരാനുഷ്ഠാനങ്ങളുടെ ഭൗതികസ്വത്വം.
(ഖണ്ണാക്ക് വതിര പിള്ള)

3. കെ. ആർ. ടോണിയുടെ 'ആട്ടം - നോട്ടം' എന്ന കവിത നിങ്ങൾ പരിചയപ്പെട്ട മറ്റ് കവിതകളിൽ നിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നു. ചർച്ച ചെയ്യുക.

4. 'കൊറോണ' - മാനവസമൂഹത്തിലുണ്ടാക്കിയ മാറ്റങ്ങൾ? ചർച്ചചെയ്യുക:-

5 ലോക്ഡൗൺ പ്രകൃതിയ്ക്ക് വരുത്തിയ മാറ്റങ്ങൾ പാഠ്യഭാഗവുമായി ബന്ധപ്പെടുത്തി ചിന്തിക്കുക:-

6. കെ. ജി. എസ്സ് കവിതകളിൽ നിങ്ങൾ കണ്ടെത്തിയ സവിശേഷതകൾ?

Ref: (കെ. ജി. എസ്സ് കവിത പാഠങ്ങൾ പാഠഭേദങ്ങൾ)

വായിക്കുക... ഉപയോഗപ്പെടുത്തുക:

# പഠന പ്രക്രിയയും ഫോക്‌ലോറും ഒരു അപഗ്രഥനാത്മക പഠനം

എം.കെ.രാജേഷ്

ഒരു സാമൂഹ്യ ജീവി എന്ന നിലയിൽ മനുഷ്യന്റെ സംസ്ക്കാര ബോധം അവന്റെ പരിതസ്ഥിതികളുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. അവന്റെ ജീവിതവും പ്രവൃത്തിയും വീക്ഷണവും ഈ സംസ്ക്കാരത്തിന്റെ അടിത്തറയിലാണ് കെട്ടിപ്പടുക്കുന്നത്. അങ്ങനെ വരുമ്പോൾ അവനിൽ അറിഞ്ഞോ അറിയാതെയോ അന്തർഗതമായിട്ടുള്ള സാംസ്കാരികമായ ജീനുകൾ അവന്റെ പെരുമാറ്റത്തെയും പ്രവൃത്തിയേയും സ്വാധീനിക്കുന്നു. ഈ സാസംസ്കാരിക ബോധം ഒരു മനുഷ്യനിൽ നിലനിൽക്കുന്ന കാലത്തോളം അവന്റെ താല്പര്യങ്ങളെ നിർണയിക്കുന്നതിൽ അത് മുഖ്യ പങ്ക് വഹിക്കുന്നു.

സാമൂഹിക വികസന പ്രക്രിയയുടെ അടിസ്ഥാന ഘടകമായ വിദ്യാഭ്യാസം ലക്ഷ്യമിടുന്നത് ഈ സാംസ്കാരിക ബോധത്തെ സൃഷ്ടിച്ചെടുക്കലാണ്. മനുഷ്യനും പ്രകൃതിയും തമ്മിൽ മനുഷ്യനും മനുഷ്യനും തമ്മിൽ സൃഷ്ടിക്കപ്പെടുന്ന ബന്ധങ്ങൾ നിർണ്ണയിക്കപ്പെടുന്നതിനും, സർഗ്ഗാത്മക പ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വ്യാപരിക്കുന്നതിനും അതിനാവശ്യമായ മൂല്യങ്ങൾ പ്രദാനം ചെയ്യാനും വിദ്യാഭ്യാസത്തിനു കഴിയണം. വ്യക്തി പരവും സാമൂഹികവുമായ ജീവിതത്തിന്റെ സംവാദാത്മകമായ പ്രതികരണമെന്ന നിലയിൽ ഫോക്‌ലോറും ബന്ധപ്പെട്ട സാഹിത്യവും പഠന വസ്തുവായി സ്വീകരിക്കേണ്ടത് ഇന്നിന്റെ ആവശ്യമായി മാറിയിരിക്കുന്നു. നാടൻ പാട്ടിന്റേയോ നാടോടിക്കഥയുടേയോ വെറുമൊരു ഏറ്റു പറച്ചിലല്ല ഇവിടെ ഉദ്ദേശിക്കുന്നത്. വൈവിദ്ധ്യാത്മകവും വിശകലനാത്മകവുമായ ഒരു പൊളിച്ചെഴുത്താണ്. സാമൂഹികവും



സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ വസ്തുതകളുടെ വിശകലനാത്മക പഠനത്തിന് ഫോക്‌ലോറിനെ സമീപിക്കുമ്പോൾ പഠിതാക്കൾക്ക് ലഭിക്കുന്നത് ഭാഷാ പരവും സൗന്ദര്യ പരവും വൈകാരിക പരവുമായ അനുഭവങ്ങളായിരിക്കും; മൂല്യങ്ങളുടെ ശേഖരമായിരിക്കും.

## ഭാഷയും ഫോക്‌ലോറും

ശാസ്ത്രവും സാങ്കേതിക വിദ്യയും ചർച്ച ചെയ്യപ്പെടുന്നിടത്ത് മൂല്യങ്ങളും മൂല്യാധിഷ്ഠിത വിഷയങ്ങളും അവഗണിക്കപ്പെടുന്നു. ഇത്തരമൊരു സാഹചര്യത്തിൽ അതിന് ജീവൻ നല്കേണ്ടുന്ന കടമ നിർവ്വഹിക്കേണ്ടത് ഭാഷയാണെന്നുള്ള തിരിച്ചറിവിൽ നിന്നാണ് ഫോക്‌ലോറും അതുമായി ബന്ധപ്പെട്ട ചർച്ചകളും മാതൃഭാഷാ പഠനത്തിന്റെ ഭാഗമായി ഉൾപ്പെടുത്താനുള്ള തീരുമാനം പാഠ പുസ്തക സമിതി കൈക്കൊണ്ടിട്ടുള്ളത്. ഒരു പക്ഷേ, ഭാഷയുടെ ഉൽപത്തിയെ സംബന്ധിച്ചുള്ള ആത്മനിഷ്ഠ സിദ്ധാന്തങ്ങളും നരവംശ ശാസ്ത്രപഠനങ്ങളും മറ്റും ഇതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കാനുതകുകയും ചെയ്യുന്നു. മനുഷ്യന്റെ വർഗ്ഗപരവും സാംസ്കാരികവുമായ സവിശേഷതകളും ഭാഷയും തമ്മിലുള്ള ബന്ധത്തെ നരവംശ വിജ്ഞാന ഭാഷാ ശാസ്ത്രവും (Anthroplogical Linguistic) പരിശോധിക്കുന്നുണ്ട്. ഭാഷാ ഭേദ വിജ്ഞാനവും (Dialectology) സാമൂഹിക ഭാഷാ വിജ്ഞാനവും (Socio Linguistics) താരതമ്യ ഭാഷാ വിജ്ഞാനവും (Comparative Linguistics) അതിന്റെ അപഗ്രഥനാത്മക പഠനങ്ങളിൽ ഫോക്‌ലോറിന്റെ സാധ്യതകളെ പരിഗണിച്ചിരിക്കുന്നു.

ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധം എത്തരത്തിലാണോ സങ്കീർണ്ണമായ ഒരു പഠന വിഷയമാകുന്നത്, അത്ര തന്നെ പ്രാധാന്യത്തോടെ പഠിക്കേണ്ടുന്ന വസ്തുതകളാണ് സംസ്ക്കാര പഠനത്തിനു സഹായകമായ നരവംശ ശാസ്ത്രം, സാഹിത്യം, ചരിത്രം, നാടോടി പാരമ്പര്യ കലകളും വിജ്ഞാനവും മറ്റു ദൃശ്യ കലാ രൂപങ്ങളും. 'നാടൻ' എന്നു പറയുമ്പോൾ അതിന് ഒരു അടിയാള സ്വരത്തിന്റെ ഭാവം പ്രകടമാണ്. ഇത് മേലാള-കീഴാള വർഗ്ഗ സംസ്കാരത്തിന്റെ വ്യതിരക്തതയിൽ നിന്നും ഉരുത്തിരിഞ്ഞു വന്നതാണ്. ഭാഷയുടേയും തൊഴിലിന്റേയും ജാതി-മതങ്ങളുടേയും വ്യത്യാസം അതത് സംസ്കാരങ്ങളിലും പ്രകടമാണ്. ഈ പറഞ്ഞതിലെല്ലാമുണ്ട് ഒരു മേലാള- കീഴാള വ്യവസ്ഥിതിയുടെ വിഭാഗീയത. മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധംവും മനുഷ്യനും ഭാഷയും തമ്മിലുള്ള ബന്ധവും ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധവും അന്യോന്യ പൂരകങ്ങളാണ് എന്നു പറയുന്നതാവും ശരി. ഇവ

യെല്ലാം ഒന്നിച്ച് ബന്ധപ്പെടുത്തുമ്പോൾ തെളിഞ്ഞു വരുന്ന സൗമ്യ ഭാവങ്ങൾ ഫോക്‌ലോറിന്റെ രൂപത്തിൽ നമ്മുടെ മുമ്പിൽ അവതരിക്കുന്നു. മണ്ണും മനുഷ്യനും സംസ്കൃതിയും കൂടിച്ചേരുന്നിടത്ത് അവന്റെ ഹൃദയത്തിന്റെ വിമലീകരണം സാധ്യമാവുന്നു. ഈ വിമലീകരണത്തിലൂടെ അവന്റെ ബൗദ്ധികപരവും സൗന്ദര്യപരവും വൈകാരിക പരവും സാമൂഹ്യ പരവുമായ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്യുന്നു. നിറവേറ്റപ്പെടുന്ന അനുഭവങ്ങളുടെ ആവിഷ്കാരങ്ങൾ ഫോക്‌ലോറായിത്തീരുന്നു. വിശ്വാസവും വിജ്ഞാനവും കലയും സാഹിത്യവും ആചാര്യ മര്യാദകളും മൂല്യങ്ങളുമെല്ലാം ഇത്തരത്തിൽ വിവിധ രൂപ ഭാവങ്ങളിലൂടെ ആവിഷ്കൃതമാവുന്നു. ചിലത് ഭാഷാ രൂപങ്ങളായും ചിലത് ദൃശ്യ രൂപങ്ങളായും മറ്റു ചിലത് ആശയങ്ങളുടെ രൂപത്തിലും.

ആത്മീയവും ഭൗതീകവുമായ സംസ്കാരത്തിന്റെ ഉൽപ്പന്നങ്ങളായി ഫോക്‌ലോർ അവതരിപ്പിക്കപ്പെടുകയും അവയെ അതേ അടിസ്ഥാനത്തിൽത്തന്നെ കാലാനുസൃതമായ രൂപ ഭാവങ്ങളോടെ സ്വീകരിച്ചു പോരുകയും ചെയ്തിരുന്ന ഒരു പാരമ്പര്യത്തിന്റെ കണ്ണികളെന്ന നിലയിൽ ഇന്നത്തെ വിദ്യാർത്ഥി സമൂഹം ഫോക്‌ലോറിനെക്കുറിച്ചും അതിന്റെ മേഖലകളെക്കുറിച്ചും ബോധവാന്മാരാകേണ്ടതുണ്ട്.

ചരിത്ര ഗതിയിൽ സാമൂഹികമായ പല തരം പ്രവർത്തനങ്ങളിലൂടെ മനുഷ്യൻ സമാഹരിക്കുന്ന ഭൗതികവും ആത്മീയവുമായ സിദ്ധികളെ പകർന്നു നല്കുന്നതിനായി രൂപപ്പെടുന്ന ചില മാധ്യമങ്ങളിലൂടെ അവന്റെ ആശയം നിലനില്ക്കുകയോ രൂപാന്തരീകരണം സംഭവിച്ച് മറ്റൊന്നായി മാറുകയോ ചെയ്തിട്ടുണ്ട്. ഇത്തരം മാധ്യമങ്ങളിലൂടെയാണ് മനുഷ്യന്റെ വൈകാരികവും സൗന്ദര്യാത്മകവുമായ ആവശ്യങ്ങളെ പരിപോഷിപ്പിക്കപ്പെടുന്നതും. ഭാഷയിലൂടെ ഒരു സംസ്കാരം മറ്റൊരു തലമുറയിലേക്ക് വ്യാപിപ്പിക്കപ്പെടുന്നത് എങ്ങനെയാണോ അതു പോലെത്തന്നെ ഫോക്‌ലോറിന്റെ വിവിധ മാധ്യമങ്ങളിലൂടെ ഒരു സംസ്കാരം അനന്തര തലമുറകളിലേക്ക് സംപ്രേഷണം ചെയ്യപ്പെടുന്നു.

വിജ്ഞാനം വിവിധ ശാഖകളായി വികസിക്കുകയും ഓരോന്നിനേയും വിശദമായി പഠിക്കേണ്ടി വരികയും ചെയ്യേണ്ടുന്ന ഒരു കാലഘട്ടം സമാഗതമായപ്പോൾ ഫോക്‌ലോറിന്റെ പ്രസക്തി വർദ്ധിക്കുകയായിരുന്നു. നാട്ടറിവുകളും നാടോടി പാരമ്പര്യവും നാടൻ കലകളും പഠന വിഷയങ്ങളായി സ്വീകരിക്കപ്പെടുമ്പോൾ ഒരു ജനത തങ്ങളുടെ സംസ്കാരത്തിന്റെ അടിത്തട്ടിലേക്ക് ബൗദ്ധികവും വൈകാരികവുമായ ഒരു യാത്രയാണ് നടത്തുന്നത്.



ഏതൊരു കലയ്ക്കും അത് ഉറവെടുത്ത സമൂഹത്തിന്റെ ഭാഷയുമായി അടിസ്ഥാനപരമായ ബന്ധമുണ്ട്. നമ്മുടെ സംസ്കാരവും സാമൂഹിക ജീവിതവും ക്രമപ്പെടുത്തി വികസിപ്പിക്കുന്നതിൽ നാടൻ കലകൾ ചെലുത്തിയ സ്വാധീനം ചരിത്രപരമായ യാഥാർത്ഥ്യവുമാണ്. മാതൃഭാഷയിൽ അന്തർഭവിച്ചിരിക്കുന്ന വൈകാരികത അതിന്റെ തീക്ഷ്ണ ഭാവത്തിൽ കഥകളിലൂടെ ഉൾക്കൊള്ളാനാവുന്നു. നന്മ തിന്മകളെ വിവേചിച്ചറിയാനുള്ള കഴിവും കലാസ്വാദനത്തിലൂടെ ലഭിക്കുന്നുണ്ട്. കലകൾ സൃഷ്ടിക്കുന്ന സൗന്ദര്യാത്മകമായ അന്തരീക്ഷത്തിലാണ് മാനസിക വിമലീകരണം സാധ്യമാകുന്നത്.

മനുഷ്യ സമൂഹത്തിന്റെ ചിന്തകളുടേയും അനുഭവങ്ങളുടേയും പ്രവർത്തനങ്ങളുടേയും പരിപക്വമായ അറിവുകൾ ആത്മജ്ഞാനമായും ഭൗതിക ജ്ഞാനമായും സ്വീകരിക്കപ്പെടുകയും അത് അത്രത്തോളം തന്നെ വിതരണം ചെയ്യപ്പെടുകയും ചെയ്യുന്നു. സമാർജ്ജിത വിജ്ഞാനവും അനുഭവങ്ങളും പരസ്പരം വിനിയോഗിക്കപ്പെടുന്നതിലൂടെ മാനവ പുരോഗതിയുടെ ആക്കം കൂട്ടുന്നു. സാമൂഹികാചാരങ്ങൾ, പെരുമാറ്റങ്ങൾ, ശീലങ്ങൾ, വിശ്വാസങ്ങൾ തുടങ്ങി ജീവിതത്തിന്റെ എല്ലാ ഘടകങ്ങളുമായും ഭാഷ ബന്ധപ്പെട്ടിരിക്കുന്നു. സമൂഹികോൽപ്പന്നമായ ഭാഷയിലൂടെയാണ് ഫോക്‌ലോറിന്റെ നിലനില്പ്. ജനതയുടെ ചരിത്രവുമായി ബന്ധപ്പെടുത്തുമ്പോൾ ഫോക്‌ലോറിന് അതിന്റെ വികാസ പരിണാമങ്ങളെ നിശ്ചയിക്കുന്നതിൽ വലിയ പങ്ക് വഹിക്കാനാവും.

ബേസിവൽ ബേൺസ്റ്റെൻ എന്ന ഭാഷാ ശാസ്ത്രജ്ഞന്റെ 'അപര്യാപ്തതാ' സിദ്ധാന്തത്തിൽ രണ്ട് തരത്തിലുള്ള ഭാഷാ രീതികളെ അവതരിപ്പിക്കുന്നു. വിശാല ഭാഷാ രീതിയും നിയന്ത്രിത ഭാഷാ രീതിയുമാണവ. സമൂഹത്തിലെ ഉന്നത സ്ഥാനീയരുടെ നിലവാരമുള്ള ഭാഷയാണ് ആദ്യത്തേതെങ്കിൽ രണ്ടാമത്തേത് കീഴാള വർഗ്ഗത്തിന്റെ അവ്യക്തഭാഷയാണ്. രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ട ഭാഷയിലൂടെയാണ് ഫോക്‌ലോറിന്റെ നിലനില്പ്

## പഠന പ്രക്രിയയിൽ ഫോക്‌ലോറിന്റെ പ്രസക്തി

ആധുനികമായ കാഴ്ചപ്പാടുകളും പ്രവർത്തനങ്ങളുമെല്ലാം വിഷയങ്ങൾക്കെന്നല്ല, എന്തിനായാലും ഒരു സ്വന്തമായ നിലനില്പ് അനുവദിക്കുന്നില്ല. അതു കൊണ്ട് ജനജീവിതത്തിന്റെ ഭാഗമായ ഫോക്‌ലോർ മാതൃഭാഷയുമായി ബന്ധപ്പെടുത്തി പഠിക്കേണ്ടിയിരിക്കുന്നു. ഫോക്‌ലോർ ഒരു വിജ്ഞാന ശാഖയായി വളർന്നപ്പോൾ അതിന്റെ വളർച്ചയെ സ്വാധീനിച്ചത് ഭാഷാ ശാസ്ത്രമായിരുന്നു.

മൂല്യ ച്യുതിയാണ് ആധുനിക സമൂഹത്തിലെ ഗൗരവതരമായ ഒരു പ്രശ്നം. ജനാധിപത്യ ധ്വംസനവും മതമൗലികതയും രാഷ്ട്രീയമായ അച്ചടക്ക രാഹിത്യവും സാമൂഹിക ഉച്ച നീചത്വങ്ങളും മൂല്യ ച്യുതിക്ക് കാരണമാകുന്നു. മാനവ മൂല്യങ്ങളുടെ ഉൾക്കൊള്ളലും പ്രചാരണവും കൊണ്ടേ സാമൂഹികമായ ഈ അപചയത്തിന് പരിഹാരം കാണാനാകൂ. ഉത്തമ ആദർശങ്ങളും സാഹിത്യവും കലകളും ജനാധിപത്യവും എല്ലാം ഉൽകൃഷ്ട മൂല്യങ്ങൾ വളർത്താൻ സഹായകമാവുന്നു. ഈ ഘട്ടത്തിൽ മാതൃഭാഷയ്ക്കും ഫോക്‌ലോറിനും വലിയ പങ്ക് വഹിക്കാനുണ്ട്.

ഭാഷയ്ക്കു ജീവിതവുമായി എപ്പോഴും ബന്ധമുള്ളതു കൊണ്ടു തന്നെ ഇതര പഠന വിഷയങ്ങളുമായും ബന്ധപ്പെടുവാനുള്ള കാരണങ്ങളും അവസരങ്ങളും ഏറെയാണു താനും. ജീവിതവുമായി ബന്ധപ്പെടുത്തി പഠിക്കുമ്പോഴാണ് അതുൾക്കൊള്ളാനുള്ള ശേഷി കുട്ടികൾക്കുണ്ടാവുക. മറ്റു വിഷയങ്ങളുമായുള്ള സഹബന്ധം സ്ഥാപിക്കുന്നതു കൊണ്ട് ബോധന ലക്ഷ്യങ്ങൾ എളുപ്പം നേടാൻ കഴിയുന്നു. രണ്ടു തരത്തിൽ ഈ സഹബന്ധമുണ്ടാവാം. സമാന്തര സഹബന്ധവും ലംബീയ സഹബന്ധവും. ഭാഷാ വിഷയങ്ങൾക്ക് അന്യ വിഷയങ്ങളുമായുള്ള ബന്ധമാണ് സമാന്തര സഹബന്ധം. ഭാഷയ്ക്ക് അതിന്റെ ഉപ വിഭാഗങ്ങളുമായുള്ള ബന്ധമാണ് ലംബീയ സഹബന്ധം. ഫോക്‌ലോറും ഭാഷയും തമ്മിൽ ലംബീയ സഹബന്ധമാണുള്ളത്

നാടോടി സാഹിത്യത്തിലെ ജീവിതത്തെ പഠിക്കുമ്പോൾ ആ സമൂഹത്തിന്റെ ബോധമനസ്സിനെ മനസ്സിലാക്കാനാണ് ശ്രമിക്കുന്നത്. നാടോടി സാഹിത്യത്തിലൂടെ മനുഷ്യൻ മനുഷ്യനായ്ത്തീർന്നു കൊണ്ട് ഇന്നലെകളെയും ഇന്നിനെയും കൂടുതലറിയാൻ ശ്രമിക്കുന്നു. ആധുനിക യുഗത്തിലേക്കുള്ള മാറ്റത്തിനിടയിൽ പഴയ സമൂഹത്തെയും പുതിയ സമൂഹത്തെയും വിശകലനം ചെയ്യാൻ ശ്രമിക്കുമ്പോൾ അവയ്ക്കിടയിലൂടെ രണ്ട് കണ്ണികളെ സൂക്ഷ്മ തലത്തിൽ നിരീക്ഷിക്കാൻ കഴിയും. അവയാണ് നാടോടി കലയും മാതൃഭാഷയും. കണ്ടുപിടുത്തങ്ങളും സാങ്കേതിക വിദ്യയും സംസ്കാരത്തിന്റെ ഘടകങ്ങൾക്ക് മാറ്റം വരുത്താൻ ശ്രമം നടത്തുമ്പോൾ പുതിയ സങ്കല്പങ്ങൾക്ക് പഴയ സങ്കല്പങ്ങൾ വഴിമാറിക്കൊടുക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ നാടോടിക്കലകളും സാഹിത്യവും മാതൃഭാഷയും സ്വയം പ്രതിരോധ ശക്തിയായി മാറുന്നു. നാടോടി കലകളും അതുമായി ബന്ധപ്പെട്ട സാഹിത്യവും നാടോടി വിജ്ഞാനവുമെല്ലാം ഒരു സാംസ്കാരിക കൈമാറ്റത്തിന്റെ കണ്ണിയാവുന്നു. ഇവയെല്ലാം സാംസ്കാരിക മൂല്യങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഭൂതകാലത്തിന്റെ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക ഘടനയാണ് നാടോടി വിജ്ഞാനീയം പ്രതിഫലിപ്പിച്ച് തലമുറകളിലേക്ക് കൈമാറ്റം ചെയ്തു കൊണ്ടിരിക്കുന്നത്.



ഭാഷാ പഠനത്തിന്റെ മേഖലകളിലൂടെ ഫോക്‌ലോർ ഘടകങ്ങൾ പഠന വിഷയമാകുമ്പോൾ വിദ്യാർത്ഥികളിൽ പാരമ്പര്യത്തോടുള്ള ജിജ്ഞാസയും കലകളോടുള്ള അഭിനിവേശവും ലാളിത്യത്തോടുള്ള താല്പര്യവും പരിഗണിക്കപ്പെടുന്നു. മുൻ പറഞ്ഞ മൂല്യങ്ങളുടെ സ്വീകരണത്തിനും കാഴ്ചപ്പാടുകളുടെ വിശാലതയ്ക്കും മണ്ണിനോടും സംസ്കാരത്തോടുമുള്ള തങ്ങളുടെ അഗാധ ബന്ധവും മനസ്സിലാക്കുന്നതിനായി വിദ്യാർത്ഥികളെ അത് സജ്ജരാക്കുകയും ചെയ്യുന്നു.

## ഫോക്‌ലോർ പഠനം എങ്ങനെ?

ഫോക്‌ലോറിന്റെ ഘടകങ്ങളെ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ തിരിച്ചറിയുമ്പോൾ നമ്മുടെ മുമ്പിൽ വരുന്ന അടുത്ത ചോദ്യം ഇതാണ്: പഠന പ്രക്രിയയിൽ ഫോക്‌ലോർ എങ്ങനെ...?

ഓരോ ഘട്ടത്തിലും ഭാഷാ പഠന പ്രക്രിയയിൽ ഫോക്‌ലോറിനെ എങ്ങനെ ഉൾപ്പെടുത്താമെന്നാണ് ഇവിടെ ചിന്തിക്കേണ്ടത്.

### പ്രാഥമിക തലം (Primary Level)

വിദ്യാഭ്യാസത്തിലെ വളരെ പ്രധാന ഘട്ടമാണ് പ്രാഥമിക ഘട്ടം അഥവാ പ്രൈമറി ഘട്ടം. കോമീനിയസ്, റൂസ്സോ, പെസ്റ്റലോസി, ഗാന്ധിജി, ടാഗോർ തുടങ്ങിയ ലോക വിദ്യാഭ്യാസ ചിന്തകരെല്ലാം തന്നെ പ്രാഥമിക ഘട്ടത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞവരാണ്. ബാല്യ കാലത്ത് ശീലിക്കുന്നതെന്തും കുട്ടിയുടെ മാനസിക ഭാവങ്ങളുമായി അതിവേഗം ബന്ധപ്പെടുന്നു. ഈ പ്രായത്തിൽ കുട്ടിയുടെ മനസ്സ് എന്തും സ്വീകരിക്കത്തക്ക പാകത്തിലാണ്. കുട്ടികളുടെ ജന്മസിദ്ധമായ ക്രീഡാ താല്പര്യത്തേയും താളാത്മകതയെയും പരിഗണിച്ചു കൊണ്ടായിരിക്കണം പ്രൈമറി തലത്തിൽ ഫോക്‌ലോറിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തേണ്ടത്. ലളിതമായ നാടൻ പാട്ടുകളും നാടൻ ശീലുകളും കളികളും വായ്ത്താരികളും പാഠ്യവസ്തുവിൽ ഉൾപ്പെടുത്താം. കടങ്കഥകളും പഴഞ്ചൊല്ലുകളും മാനസിക നിലവാരമനുസരിച്ച് പരിചയപ്പെടുത്താം. പ്രാഥമിക തലത്തിന്റെ തുടക്കത്തിൽ വ്യത്യസ്ത കലകളെ പരിചയപ്പെടുത്തുകയും അവസാനഘട്ടത്തിലേക്കെത്തുമ്പോഴേക്കും ഒന്നോ രണ്ടോ കലകളെ വിശദമായി പരിചയപ്പെടാനുള്ള അവസരവും നല്കാം. അപ്പർ പ്രൈമറി തലത്തിലേക്കെത്തുമ്പോൾ നാടൻ പാട്ടുകളുടേയും നാടൻ കലകളുടേയും വ്യത്യസ്ത ശാഖകളേയും അവയിൽ പ്രതിഫലിക്കുന്ന ജീവിതവും

സംസ്കാരവും കണ്ടെത്താനുള്ള പ്രവർത്തനങ്ങളും ലളിതമായ രീതിയിൽ ഉൾക്കൊള്ളിക്കാം. പാഠ്യ വസ്തു എന്നതിലപ്പുറം പഠന പ്രവർത്തനങ്ങളിലൂടെ ഫോക്‌ലോറിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതാണ് ഉചിതം. നാടൻ പാട്ടുകൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, കലകളുടെ ചിത്രങ്ങൾ തുടങ്ങിയവ ശേഖരിക്കുക, വേർതിരിക്കുക, പട്ടികപ്പെടുത്തുക മുതലായ പ്രവർത്തനങ്ങൾ നല്കാം. കുട്ടികൾക്ക് പരിചിതമായ കലയുടെ വർത്തമാന സ്ഥിതി പരിശോധിക്കാം. അതിലൂടെ അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ചിന്ത കുട്ടികളിൽ സൃഷ്ടിക്കാനായാൽ ബോധനോദ്ദേശ്യം സഫലമായി എന്നു പറയാം. പ്രാഥമിക ഘട്ടത്തിലെ ഫോക്‌ലോർ പഠനം താഴെ പറയുന്ന ലക്ഷ്യങ്ങളെ പൂർത്തീകരിക്കാനുതകുന്നതായിരിക്കണം.

ലളിതമായ നാടൻ ശീലുകളെ പരിചയപ്പെടുന്നതിന്

നാടൻ പാട്ടുകളും വായ്ത്താരികളും പരിചയപ്പെടുന്നതിനും ശേഖരിക്കുന്നതിനും.

നാടൻ കലകളെ പരിചയപ്പെടുന്നതിന്

പഴഞ്ചൊല്ലുകൾ, കടങ്കഥകൾ എന്നിവ ശേഖരിക്കുന്നതിന്

നാടൻ കലകളുടെ വർത്തമാനകാല സ്ഥിതി മനസ്സിലാക്കുന്നതിന്

നാടൻ കലകളെ അന്വേഷിച്ച് കണ്ടെത്തുന്നതിന്.

ഈ ഉദ്ദേശ്യങ്ങളെ പ്രാവർത്തികമാക്കാനുള്ള പാഠ്യ വസ്തുക്കളും പഠന പ്രവർത്തനങ്ങളുമാണ് പ്രൈമറി വിദ്യാഭ്യാസത്തിൽ ഭാഷാ പഠനവുമായി ബന്ധപ്പെട്ട് നല്കേണ്ടത്.

**സെക്കണ്ടറി തലം (Secondary Level)**

പ്രാഥമിക തലത്തിൽ കൊടുത്തിരിക്കുന്ന പാഠ്യ വസ്തുക്കളുടേയും പ്രവർത്തനങ്ങളുടേയും തുടർച്ചയായി വേണം സെക്കണ്ടറി തലത്തിൽ ഫോക്‌ലോർ പഠനങ്ങളെ ഉൾപ്പെടുത്താൻ. ഫോക്‌ലോറിന്റെ വ്യത്യസ്ത മാതൃകകളെ പരിചയപ്പെടാനും അപഗ്രഥിക്കാനുമുള്ള അവസരം ലഭിക്കുന്നതിലൂടെ അതിന്റെ ശക്തിയും സൗന്ദര്യവും സ്വായത്തമാക്കാൻ കുട്ടിക്ക് സാധിക്കും. വൈവിധ്യമാർന്ന ഫോക്‌ലോർ അനുഭവങ്ങളിലൂടെ രൂപീകരിക്കപ്പെട്ട ആശയങ്ങളെ സ്വയം വിലയിരുത്താനും പരസ്പരം വിലയിരുത്താനുമുള്ള അവസരം ഈ ഘട്ടത്തിൽ പഠിതാക്കൾക്ക് ലഭിക്കേണ്ടതുണ്ട്. പ്രത്യക്ഷ ബോധനത്തിന്റെ സാധ്യതകളെ സെക്കണ്ടറി തലത്തിൽ ഉപയോഗപ്പെടുത്തുന്നത് കുട്ടികളുടെ പഠന താല്പര്യങ്ങളേയും വിമർശനാത്മക ചിന്തയെയും വളർത്താനുതകും. പ്രത്യക്ഷ ബോധനം



സാധ്യമാകുന്നത് ഫോക്‌ലോർ വിഭവങ്ങളുടെ നേരിട്ടുള്ള അനുഭവങ്ങളിലൂടെയാണ്. കലാകാരന്മാരുമായുള്ള കൂടിക്കാഴ്ച, കലകളെ നേരിട്ട് കണ്ട് ആസ്വദിക്കൽ, ഇവയൊക്കെ പ്രത്യക്ഷ ബോധനത്തിനുള്ള മാർഗ്ഗങ്ങളാണ്. പ്രാഥമിക തലത്തിലും പ്രത്യക്ഷ ബോധനത്തെ ഉപയോഗപ്പെടുത്താമെങ്കിലും ഉദ്ദേശ്യങ്ങളെ പരിമിതപ്പെടുത്തേണ്ടി വരും.

വാമൊഴി-വരമൊഴി രൂപങ്ങളേയും അതിന്റെ വ്യത്യസ്തമായ ധർമ്മങ്ങളേയും കുട്ടി തിരിച്ചറിയേണ്ടതുണ്ട്. ഈ ഘട്ടത്തിൽ കലകളെ പൂർണ്ണമായി പരിചയപ്പെടുന്നതിനുള്ള അവസരം നല്കണം. ഇത് മാതൃകയാക്കി വിവിധ കലാ രൂപങ്ങളെ ആസ്വദിക്കാനും അപഗ്രഥിക്കാനും സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളെ വിലയിരുത്താനും പഠിതാവിന് സാധിക്കുന്ന തരത്തിലുള്ള മറ്റു പഠന പ്രവർത്തനങ്ങളും ഉൾപ്പെടുത്താവുന്നതാണ്. സെക്കണ്ടറി തലത്തിലെ ഫോക്‌ലോർ പഠനത്തിന്റെ ഉദ്ദേശ്യങ്ങളെ താഴെ കൊടുത്ത രീതിയിൽ പട്ടികപ്പെടുത്താം.

നാടൻ പാട്ടുകളുടെ വിപുലമായ ശേഖരണം തയ്യാറാക്കുന്നതിന്

പഴഞ്ചൊല്ലുകൾ, കടങ്കഥകൾ തുടങ്ങിയവ ശേഖരിക്കുന്നതിനും അർത്ഥ ബോധത്തോടെ വ്യാഖ്യാനിക്കുന്നതിനും.

ഫോക്‌ലോറിൽ വ്യക്തമാവുന്ന സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ ജീവിതത്തെ വിശകലനം ചെയ്യുന്നതിന്.

കലാകാരന്മാരുമായി അഭിമുഖം നടത്തി കലയുടേയും ജീവിതത്തിന്റേയും നേർക്കാഴ്ചകളെ പരിചയപ്പെടുന്നതിന്.

കലകൾ നേരിൽ കണ്ട് ആസ്വദിക്കുന്നതിനും അപഗ്രഥിക്കുന്നതിനും

കലാ ക്യാമ്പുകളിൽ പങ്കെടുക്കുന്നതിനും സംഘടിപ്പിക്കുന്നതിനും

കലകൾ യഥാതഥമായി അവതരിപ്പിക്കുന്നതിന്.

വ്യത്യസ്ത കലകൾ പരിചയപ്പെടുന്നതിനും നേരിൽ കണ്ട് വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും

ഫോക്‌ലോറുമായി ബന്ധപ്പെട്ട് സെമിനാറുകൾ, സിംപോസിയങ്ങൾ, ചർച്ചകൾ, എന്നിവ സംഘടിപ്പിക്കുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും.

ഫോക് പഠനം നടത്തുമ്പോൾ താനുൾപ്പെടുന്ന ചുറ്റുപാടുകളെ കൂടി വിഷയമാക്കേണ്ടി വരുന്നു. അതിനായി പഠിതാവിന് ഇതര വിഷയങ്ങളെ കൂടി സമീപിക്കേണ്ടി വരും. ഒരു ഉദ്ഗ്രഥിത പഠന സമീപനമാണ് ഈ ഘട്ടത്തിൽ പ്രയോജനപ്രദമാകുന്നത്.

## ഹയർ സെക്കന്ററി തലം (Higher Secondary level)

സെക്കണ്ടറി തലത്തിലെ പഠന പ്രവർത്തനങ്ങളിൽ നിന്നും വ്യത്യസ്തമായി ഉയർന്ന നിലവാരത്തിലുള്ള പ്രവർത്തനങ്ങളാണ് ഹയർ സെക്കണ്ടറി തലത്തിലെ പാഠ പുസ്തകത്തിൽ ഉൾപ്പെടുത്തേണ്ടത്. ഇതര വിഷയങ്ങളുമായി ഫോക്‌ലോറിനെ ബന്ധപ്പെടുത്തി അതിന്റെ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ പ്രാധാന്യത്തെ വിലയിരുത്താനുള്ള കഴിവ് പഠിതാവ് നേടേണ്ടതുണ്ട്. ഭാഷയും സാഹിത്യവും ചരിത്രവും സംസ്കാരവും ഫോക്‌ലോറുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നും സാമാന്യ ജനങ്ങളുടെ ജീവിത വ്യവഹാരവും കലകളും തമ്മിലുള്ള ബന്ധവും പ്രാദേശിക സാമൂഹ്യഭേദങ്ങൾ എങ്ങനെ കലയുടെ സൃഷ്ടി കർത്താക്കളായി മാറുന്നുവെന്നും കുട്ടി തിരിച്ചറിയേണ്ടതുണ്ട്. ഫോക് വിഭവങ്ങൾ നേരിടുന്ന നിലനില്പിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ജീവിതാനുഭവങ്ങളിൽ അവ ഉപയോഗപ്പെടുത്താനുള്ള അവസരങ്ങൾ കണ്ടെത്തുകയും ചെയ്താൽ ഫോക്‌ലോർ പഠനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ ഒരു പരിധി വരെ പൂർത്തീകരിച്ചു എന്നു പറയാം.

ഈ ഘട്ടത്തിൽ പുതിയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ വേറിട്ട ഫോക്‌ലോർ അനുഭവങ്ങൾ നല്കാനുള്ള അവസരവും സൃഷ്ടിക്കാം. സ്വന്തം നാട്ടിലെ ഏതെങ്കിലും ഒരു ഫോക്‌ലോർ വിഭവത്തെ അടിസ്ഥാനപ്പെടുത്തി ഡോക്യുമെന്റേഷൻ തയ്യാറാക്കുന്നതിനുള്ള പരിശീലനം കൊടുക്കുകയാണെങ്കിൽ വേറിട്ട ഒരനുഭവമായിരിക്കും. അത് കുട്ടികൾക്ക് നല്കുക. മാത്രമല്ല, ഫോക്‌ലോറിനും വിദ്യാർത്ഥികൾക്കും അതൊരു മുതൽക്കൂട്ടായിരിക്കുകയും ചെയ്യും.

ഹയർസെക്കന്ററിയിലെ ഫോക്‌ലോർ പഠനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ ഇങ്ങനെ ലഘൂകരിക്കാം:

ഫോക്‌ലോറിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പ്രാധാന്യത്തെ തിരിച്ചറിയുന്നതിനും വിലയിരുത്തുന്നതിനും.

ഭാഷാ വികസനത്തിൽ ഫോക്‌ലോറിന്റെ പങ്ക് തിരിച്ചറിയുന്നതിനും അപഗ്രഥിക്കുന്നതിനും.

സംസ്കാരം-ഭാഷ-സാഹിത്യം-ചരിത്രം ഇത്യാദി സഹബന്ധ വിഷയങ്ങളുമായി ഫോക്‌ലോറിനെ സമീപിക്കുന്നതിന്

വാമൊഴി-വരമൊഴികളെ അടിസ്ഥാനപ്പെടുത്തി ഭാഷാപരമായും ആസ്വാദനപരമായുമുള്ള അവയുടെ സ്വാധീനങ്ങളെ ചർച്ച ചെയ്യുന്നതിന്.

ഫോക് വിഭവങ്ങൾ നേരിടുന്ന വെല്ലുവിളികൾ മനസ്സിലാക്കുന്നതിനും പ്രശ്ന പരിഹാരം കണ്ടെത്തുന്നതിനും.



ഫോക് വിഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ഡോക്യുമെന്റേഷനുകൾ തയ്യാറാക്കുന്നതിന്.

യുക്തിപൂർവ്വം ചിന്തിക്കുന്നതിനും ആശയങ്ങളെ പരസ്പരം ബന്ധപ്പെടുത്തുന്നതിനും അമൂർത്ത ചിന്തനത്തിനുമുള്ള കഴിവ് നേടിയവരാണ് ഹയർ സെക്കന്ററി തലത്തിലെ പഠിതാക്കൾ എന്നതു കൊണ്ട് പാഠ്യ വസ്തുവിലും പഠന പ്രവർത്തനങ്ങളിലും അതിനനുസരിച്ചുള്ള നിലവാരം കൈക്കൊള്ളേണ്ടതുണ്ട്.

## പാഠ്യ വസ്തുക്കളും പഠന പ്രവർത്തനങ്ങളും

നിലിവിലുള്ള പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കന്ററി തലങ്ങളിലെ പാഠ പുസ്തകങ്ങളിൽ ഫോക്‌ലോറിനും അതുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങളും എത്രമാത്രം ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് പരിശോധിക്കാം.

### പ്രൈമറി തലം

**a. ലോവർ പ്രൈമറി**

നാടൻ പാട്ടുകളുടെ ഏറ്റവും ലളിതമായ രൂപങ്ങളും വായ്ത്താരികളും

നിലമൊരുക്കി ഏലോ

വിത്തു നട്ടു ഐലസാ

എന്നിങ്ങനെയുള്ള താളാത്മകമായ ശീലുകളാണ് ഒന്നാം തരത്തിലെ പാഠ്യ വസ്തുവായി ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാം തരത്തിൽ കാർഷിക സംസ്കാരത്തെ പ്രതിനിധീകരിക്കുന്ന നാടൻ പാട്ടുകളും ഞാറ്റു പാട്ടുകളും വായ്ത്താരികളും, കുട്ടികളെ പരിചയപ്പെടുത്തുന്നു. പഴഞ്ചൊല്ലുകളും കടങ്കഥകളും ശേഖരിക്കുക, വിവിധ കലാ രൂപങ്ങളടങ്ങിയ ചിത്രങ്ങൾ ശേഖരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കൊടുത്തിരിക്കുന്നു. നർത്തക രത്നം കൊടക്കാട്ട് കണ്ണൻ പെരുവണ്ണാന്റെ 'ചിലമ്പിട്ട ഓർമ്മ'കളിൽ നിന്നൊരു ഭാഗം 'പുറപ്പാട്' എന്ന ശീർഷകത്തതിൽ പാഠ്യവസ്തുവായി നല്കിയിരിക്കുന്നു.

**b. അപ്പർ പ്രൈമറി**

നാടൻ പാട്ടുകളും വായ്ത്താരികളും ആവർത്തിക്കുന്നതോടൊപ്പം വള്ളുവനാടൻ കാർഷികോൽസവുമായി ബന്ധപ്പെട്ട കലാരൂപങ്ങളേയും പരിചയപ്പെടുത്തുന്നതിനായി ആലങ്കോട്ട് ലീലാകൃഷ്ണന്റെ 'വള്ളുവനാടൻ പൂരക്കാഴ്ചകളി'ൽ നിന്നൊരു ഭാഗം പാഠ്യ വസ്തുവായി കൊടുത്തിരിക്കുന്നു. നാടൻ പാട്ടിലെ ആശയം തിരിച്ചറിയുന്നതിനും കലാകാ

രന്മാരുമായി കൂടിക്കാഴ്ച നടത്തുന്നതിനും ഗ്രാമീണോത്സവങ്ങളും കാർഷിക ജീവിതവും മനസ്സിലാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പാഠ പുസ്തകത്തിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്നു.

ഓരോ ഘട്ടത്തിലും പഠിതാക്കളുടെ മാനസിക നിലവാരത്തിനനുസരിച്ചുള്ള പാഠ്യവസ്തുക്കളാണ് തെരഞ്ഞെടുക്കേണ്ടത്. പ്രൈമറി ഘട്ടത്തിൽ കൊടുത്തിരിക്കുന്ന ഫോക്‌ലോർ വിഭവങ്ങൾ അത്തരത്തിലുള്ള പരിഗണനയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ടവയാണ്. എങ്കിൽത്തന്നെയും ഈ പ്രായത്തിലുള്ള കുട്ടികളുടെ താല്പര്യങ്ങളെ തൃപ്തിപ്പെടുത്താൻ പോന്ന വിഭവങ്ങൾ ആയിട്ടില്ല എന്ന് കരുതേണ്ടിയിരിക്കുന്നു. വായ്ത്താരികളുടെ ആവർത്തനത്തിലൂടെ കുട്ടികളുടെ ഭാഷാ ശേഷി വർദ്ധിപ്പിക്കാം. കാർഷിക വൃത്തിയേയും സംസാകരത്തേയും ഉൾക്കൊള്ളാനുതകുന്ന പാഠ്യ വസ്തുക്കൾ ഉചിതം തന്നെ. കലകളുടെ ചിത്രങ്ങൾ നല്കിയിരിക്കുന്നത് മാതൃകാ പരം തന്നെ. 'പുറപ്പാട്' എന്ന പാഠ ഭാഗത്തിലൂടെ തെയ്യം, പടയണിപ്പാട്ട്, മുടിയേറ്റ്, തെയ്യത്തിന്റെ വക ഭേദങ്ങൾ എന്നിവയെക്കുറിച്ച് സാമാന്യ ബോധം സൃഷ്ടിക്കാനാവുന്നു. അതു കൂടാതെ ഒരു പ്രശസ്ത കലാകാരനെ പരിചയപ്പെടുത്തുകയും ചെയ്യുന്നു- നർത്തക രത്നം കൊടക്കാട്ട് കണ്ണൻ പെരുവണ്ണാൻ. അപ്പർ പ്രൈമറി ഘട്ടത്തിൽ ഫോക്‌ലോറിന് പ്രാധാന്യം കുറച്ചു എന്ന് പരിതപിക്കാതെ വയ്യ. അതിലളിതമായ നാടൻ പാട്ടുകളുടെ ആവർത്തനം അതിന്റെ പ്രാധാന്യത്തെ കുറച്ചു എന്നു പറയുന്നതിൽ അപാകതയില്ല. പിന്നെ വ്യത്യസ്തമായ ഒരു പ്രവർത്തനമുള്ളത് 'അഭിമുഖ'മാണ്. 'പൂതപ്പൊലിമ'കളിൽ വൈക്കോൽപ്പൂതം, മണ്ണാപ്പൂതം, മൂക്കൻ ചാത്തൻ, പൂതം കരിങ്കാളി തുടങ്ങിയ വിവിധ പൂതങ്ങളെ പരിചയപ്പെടുന്നു. ഈ പാഠ ഭാഗം കുട്ടികളിൽ സൃഷ്ടിക്കുന്ന ആവേശവും ജിജ്ഞാസയും ചെറുതല്ല.

## സെക്കന്ററി തലം

വിവിധ തരം നാടൻ പാട്ടുകൾ ശേഖരിക്കുകയും സവിശേഷതകൾ കണ്ടെത്തി ശേഖരിച്ച പാട്ടുകളെ അപഗ്രഥിച്ച് ജീവിത രീതി, ആചാരാനുഷ്ഠാനങ്ങൾ, സാമൂഹിക സാമ്പത്തിക ബന്ധങ്ങൾ, പ്രകൃതി ബോധം, മൂല്യ ചിന്ത തുടങ്ങിയ സവിശേഷതകൾ കണ്ടെത്തി പ്രബന്ധം തയ്യാറാക്കുക, നാടൻ പാട്ടുകൾ ആശയ ബോധത്തോടെ ചൊല്ലുന്നതിനും സമകാലിക കവിതകളിലെ നാടൻ ശീലുകളെ തിരിച്ചറിയുക, ജീവിത സന്ദർഭങ്ങളിൽ നിന്ന് പഴഞ്ചൊല്ലുകൾ, ശൈലികൾ എന്നിവ ശേഖരിച്ച് അവ ഉചിതമായ രീതിയിൽ പ്രയോഗിക്കുക, ശരിയായ അപഗ്രഥനം നടത്തുന്നതിനും കലാകാരന്മാരുമായി അഭിമുഖം സംഘടിപ്പിക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുക, ഉൽസവങ്ങൾ, മേളകൾ തുടങ്ങിയവയിൽ അവതരിപ്പിക്കുന്ന നാടൻ കലാ രൂപങ്ങൾ ആസ്വദിക്കുകയും ബന്ധപ്പെട്ട സാഹിത്യം, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് പഠനങ്ങൾ, ആൽബം തുടങ്ങിയവ തയ്യാറാക്കുക, നാടോടിക്കഥകളേയും മറ്റും അടിസ്ഥാനപ്പെടുത്തി നാടകങ്ങൾ രചിക്കുക, കലകളുമായി ബന്ധപ്പെട്ട ചർച്ചകൾ, സെമിനാറുകൾ തുടങ്ങിയവയിൽ പങ്കെടുത്ത് നിരീക്ഷണങ്ങൾ അവതരിപ്പിക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളാണ് എട്ട്, ഒമ്പത്, പത്ത് ക്ലാസുകളിലെ പാഠ പുസ്തകങ്ങളുമായി ബന്ധപ്പെട്ട് കൊടുത്തിരിക്കുന്നത്.



പാഠ്യ വസ്തുക്കളെ ഒന്ന് പരിചയപ്പെടാം

എട്ടാം ക്ലാസിൽ 'ജീവിതത്തിന്റെ തുടിതാളം' എന്ന യൂണിറ്റിലാണ് ഫോക്‌ലോറിനെ പരിചയപ്പെടാനും വിശദമായി പഠിക്കാനുമുള്ള അവസരം നല്കുന്നത്. നാങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര, കള്ളിയുടെ പുറപ്പാട്, നാടൻ കലകളുടെ പകർന്നാട്ടം എന്നിങ്ങനെ മൂന്ന് പാഠങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പുഞ്ച വയൽ ച്ചിറയുറക്കണ തോറ്റം പാട്ട്

നെഞ്ചുരുകിപ്പാടണ മണ്ണിന്റെ മക്കടെ പാട്ട്

തോറ്റം പാട്ടിനുള്ള മണ്ണിന്റെ മണം വ്യക്തമാക്കുന്ന പാഠഭാഗമാണ് ഡോ.എം.വി.വിഷ്ണു നമ്പൂതിരിയുടെ സമ്പാദനത്തിൽ നിന്നും എടുത്തു ചേർത്ത 'നാങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര' എന്ന പേരിലുള്ള പാട്ട്. ജി.ഭാർഗവൻ പിള്ളയുടെ സമ്പാദനമായ 'നാടോടി നേരരങ്ങി'ൽ നിന്നുമാണ് 'കള്ളിയുടെ പുറപ്പാട്' സ്വീകരിച്ചിരിക്കുന്നത്. ഒരു കലാ രൂപത്തിന്റെ നേർക്കാഴ്ചയുടെ അനുഭവം നല്കുന്ന പാഠഭാഗമാണ് ഇത്. എം.എൻ.കാരശ്ശേരിയുടെ ലേഖനം- 'നാടൻ കലകളുടെ പകർന്നാട്ടം' കുലവൃത്തിയുടേയും കലാ വൃത്തിയുടേയും വിഭജനത്തിന്റെ അടയാളങ്ങൾ രേഖപ്പെടുത്തുന്നു. കൂട്ടായ്മയ്ക്കു വേണ്ടി കൂട്ടായ്മയാൽ നടത്തപ്പെടുന്ന കൂട്ടായ്മയുടെ പ്രകടനമെന്ന നിലയിൽ നാടൻ കലകളെ വിലയിരുത്തുന്ന അദ്ദേഹത്തിന്റ ഈ ലേഖനം ഫോക്‌ലോറിന് ജീവിതവും സംസ്കാരവുമായുള്ള ബന്ധത്തെ ബോധ്യപ്പെടുത്തുന്നു.

വള്ളത്തോളിന്റെ സാഹിത്യ മഞ്ജരി (5-ാം ഭാഗം)യിൽ നിന്നും സ്വീകരിച്ച 'പണ്ടത്തെപ്പാട്ടുകൾ' മാത്രമാണ് ഫോക്‌ലോറിന്റെ പഠനത്തിനു സഹായകമായി ഒമ്പതാം ക്ലാസിലെ ഭാഷാ പഠനത്തിൽ ചേർത്തിട്ടുള്ളത്. "ഉൾപ്പൊരുൾത്തേട്ടലുകൾ" വ്യാഖ്യാനിക്കുന്നതിനായി ഒരു പ്രവർത്തനവും മാപ്പിളപ്പാട്ടുകളുടേയും നാടൻ പാട്ടുകളുടേയും സവിശേഷതകൾ കണ്ടെത്തുന്ന മറ്റൊരു പ്രവർത്തനവും പാഠ പുസ്തകത്തിലുണ്ട്.

നാടൻ പാട്ടുകളുടെ മാധുര്യവും മഹത്വവും വെളിപ്പെടുത്തുന്ന കവിതയാണ് പണ്ടത്തെപ്പാട്ടുകൾ. ഭാഷയുടേയും സമൂഹത്തിന്റേയും ബാല്യദശയമായ നാടൻ പാട്ടുകളുടെ താളാത്മകതയും ജീവിത ബന്ധിയായ അർത്ഥ സംവേദനത്വവും അവയെ ഹൃദ്യമാക്കുന്നു.

ഫോക്ലോറുമായി നേരിട്ട് ബന്ധപ്പെടുത്തിക്കൊണ്ടുള്ള പാഠ ഭാഗങ്ങൾ പത്താം ക്ലാസ്സിലെ പാഠ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു കൊണ്ടാണ് ഫോക്ലോർ പഠന വിഷയമാകുന്നത്. മലയാള നാടക പ്രസ്ഥാനത്തെക്കുറിച്ചുള്ള ഉപന്യാസ രചനയിൽ കേരളത്തിന്റെ നാടോടി കലാ പാരമ്പര്യവും കാക്കിരിശ്ശി നാടകം, പൊറാട്ടു നാടകം, മുടിയേറ്റ്, തിറ, തെയ്യം തുടങ്ങിയ കലകളെയും പരിഗണിക്കുന്നുണ്ട്. ബൃഹത്തായ പാഠ്യ പദ്ധതി ഉദ്ദേശ്യങ്ങൾ നല്കിയിട്ടുണ്ടെങ്കിലും അത് പ്രാവർത്തികമാക്കാനുള്ള പാഠ്യ വസ്തുവോ പ്രവർത്തനങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല. അതു കൊണ്ടു തന്നെ ഫോക്ലോറിന്റെ പ്രസക്തിയെ വ്യക്തമാക്കുന്ന തരത്തിലുള്ള പഠന പ്രവർത്തനങ്ങൾ പഠിതാവിന് നല്കേണ്ടുന്ന ചുമതല അദ്ധ്യാപകനിൽ നിക്ഷിപ്തമാകുന്നു. ഫോക്ലോറുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഓരോ ക്ലാസ്സിലും നിലവാരമനുസരിച്ച് ഇനിയും ഉൾപ്പെടുത്തേണ്ടതുണ്ട്. സെക്കണ്ടറിയുടെ ഏതെങ്കിലുമൊരു ഘട്ടത്തിൽ ഫീൽഡ് വർക്കിനുള്ള അവസരം നൽകേണ്ടതാണ്. സംഘ പ്രവർത്തനത്തിന്റെ സാധ്യതകളേയും പരിഗണിക്കുന്നതിനുള്ള അവസരമായി ഇതിനെ പ്രയോജനപ്പെടുത്താം.

**ഹയർ സെക്കന്ററി തലം-**

'മൊഴി വഴക്കം' എന്ന പാഠ്യ വസ്തുവിലൂടെ വാമൊഴി പാരമ്പര്യങ്ങളെ പഠന വിധേയമാക്കുന്നു. അനുഷ്ഠാന കലാ രൂപങ്ങളേയും നാടോടി കലാ രൂപങ്ങളേയും സൂചിപ്പിക്കുക മാത്രം ചെയ്യുന്ന 'രംഗകല' എന്ന പാഠ ഭാഗം കൂടി ഈ കൂട്ടത്തിൽ പരിഗണിക്കാം. വിവിധ കലാരൂപങ്ങളെ നേരിൽ കണ്ട് ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുക, കലാരൂപങ്ങളുമായി ബന്ധപ്പെട്ട സാഹിത്യം വിശകലനം ചെയ്യുക, തുടങ്ങിയ പാഠനോദ്ദേശ്യങ്ങൾ പ്രവർത്തനമാവുന്നത് പാഠ്യവസ്തുവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ പഠനപ്രവർത്തനങ്ങളിലൂടെയാണ്. നാടോടി കലാരൂപങ്ങളെ പരിചയപ്പെടുത്താനുതകുന്ന ബ്രോഷർ നിർമ്മാണം, നാടൻ കലകളെക്കുറിച്ചുള്ള പതിപ്പു നിർമ്മാണം, നാടൻ കലകളുടെ വർത്തമാന കാല പ്രസക്തിയും സാധ്യതകളും എന്ന വിഷയത്തിലുള്ള ചർച്ച, എന്നീ പ്രവർത്തനങ്ങളാണ് ഹയർ സെക്കന്ററി ഒന്നാം വർഷ പാഠ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.



രണ്ടാം വർഷത്തിൽ 'അറിവും ആവിഷ്ക്കാരവും' എന്ന ഏകകത്തിലാണ് ഫോക്ലോറിനെ പരിഗണിച്ചിരിക്കുന്നത്. കേരളത്തിലെ പൂരക്കളിയാശാന്മാരിൽ പ്രമുഖനായ രാമന്തളി എം. കൃഷ്ണപ്പണിക്കരുമായി ഡോ.ടി.പവിത്രൻ നടത്തിയ അഭിമുഖമാണ് 'പൂരക്കളി' എന്ന പാഠ ഭാഗം. 'പൂരക്കളി' എന്ന കലാ രൂപത്തിന്റെ വിശദാംശങ്ങൾ മനസ്സിലാക്കുന്നതിന് ഈ പാഠഭാഗം സഹായകമാണ്. പുരാവസ്തുക്കളെ പരിചയപ്പെടാനും ശേഖരിച്ച് പ്രദർശിപ്പിക്കാനുമുളഅള അവസരമാണ് 'നാട്ടറിവു മേള' എന്ന പ്രവർത്തനത്തിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. ഒരു ഫോക്ലോർ വിജ്ഞാന കോശം നിർമ്മിക്കാനുള്ള നിർദ്ദേശവും പാഠ പുസ്തകത്തിലുണ്ട്.

സെക്കണ്ടറി തലത്തെ അപേക്ഷിച്ച് കുറേ കൂടി വിശാലമായ രീതിയിൽ വസ്തുക്കളെ പഠിക്കാനുള്ള അവസരം ഹയർ സെക്കണ്ടറിയിലെ വിദ്യാർത്ഥികൾക്ക് നല്കേണ്ടതുണ്ട്. ഈ ഘട്ടത്തിലുള്ള പഠിതാക്കൾക്ക് പ്രവർത്തന കേന്ദ്രീകൃതമായ പാഠ്യവസ്തുക്കളെ നല്കേണ്ടിയിരിക്കുന്നു. കലാ രൂപങ്ങളെ കാണുകയും ആസ്വദിക്കുകയും സാഹിത്യവും മറ്റും അപഗ്രഥിച്ച് വരും തലമുറയ്ക്കു കൂടി ഒരു പഠന സഹായിയായിത്തീരുന്ന തരത്തിൽ ഒരു ഡോക്യുമെന്റേഷനോ മറ്റോ നല്കുകയാണെങ്കിൽ പുതിയ മാധ്യമങ്ങളെ പരിചയപ്പെടലും അതിലൂടെ ഫോക്ലോറിന്റെ നിലനില്പിന് ഒരു സഹായമാവുകയും ചെയ്യും. പുതിയ സാങ്കേതിക വിദ്യയെ പഠന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുമ്പോഴാണ് പാഠ്യ വസ്തുവിന്റേയും സങ്കേതങ്ങളുടേയും പ്രാധാന്യവും സാധ്യതകളും തിരിച്ചറിയുന്നത്. ഫോക്ലോർ പഠനത്തെ ഗൗരവത്തോടെ സമീപിക്കേണ്ടുന്ന ഘട്ടമാണിത്, ഫോക്ലോറിനോടുള്ള കുട്ടികളുടെ താല്പര്യത്തെ തിരിച്ചറിയാനും അതിന്റെ വഴികളിലേക്ക് കുട്ടികളെ ആകർഷിക്കാനും സാധിക്കുന്ന ഘട്ടം. അത്തരത്തിലുള്ള സാധ്യതകളെ ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

മുൻ കാല ഭാഷാ പാഠ പുസ്തകത്തിലും പാഠ്യ പദ്ധതിയിലും ഫോക്ലോറിന് ഒട്ടും സ്ഥാനം നല്കിയിരുന്നില്ലെങ്കിൽ ഇന്ന് മറ്റുള്ള ഭാഷാ വിഷയങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഫോക്ലോറിന് ആനുപാതികമായുള്ള സ്ഥാനം നല്കിയിരിക്കുന്നു. ഇത് ആശാ വഹമാണ്. ഫോക്ലോർ എന്നത് ഒരു വിഷയമായിട്ടല്ല പഠിക്കുന്നതെങ്കിൽ കൂടി അതുമായി ബന്ധപ്പെട്ട വിജ്ഞാന ശാഖകളെ പഠിതാക്കളുടെ താല്പര്യങ്ങളെ പരിഗണിച്ചു കൊണ്ട് ഓരോ ക്ലാസ്സുകളിലെയും പാഠ പുസ്തകത്തിൽ ഒരു പാഠ്യ വസ്തുവെങ്കിലും ഉൾക്കൊള്ളിക്കാൻ- ചില ക്ലാസുകളിൽ

മൂന്ന് പാഠ്യ വസ്തുക്കൾ വരെ സ്വീകരിച്ചിരിക്കുന്നുവെന്നത് വിസ്മരിക്കരുത്-ശ്രമിച്ചിരിക്കുന്നത് ഫോക്‌ലോറിനെ സംബന്ധിച്ച് വലിയ നേട്ടം തന്നെയാണ്. വളർന്നു വരുന്ന തലമുറയ്ക്ക് തങ്ങളുടെ സ്വത്വത്തെ തിരിച്ചറിയാനുള്ള അവസരമാണ് ഇതിലൂടെ കൈവന്നിരിക്കുന്നത്.

## ഭാഷാധ്യാപകന്റെ പങ്ക്

ഭാഷാധ്യാപകന് ഫോക്‌ലോറിൽ താല്പര്യമുണ്ടായിരിക്കണം എന്നതാണ് പ്രധാന വസ്തുത. ഇതുമായി ബന്ധപ്പെട്ടുള്ള ചർച്ചകളും പഠനങ്ങളും ലേഖനങ്ങളും മറ്റും കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടുന്ന ചുമതല ഭാഷാധ്യാപകനുണ്ട്. പാഠ്യ വസ്തുവുമായി ബന്ധമില്ലെങ്കിൽ കൂടി കുട്ടികളിൽ ഫോക്‌ലോറിനോട് താൽപര്യമുണർത്തുന്നതിന്റെ ഭാഗമായാണ് ഈ പ്രവർത്തനങ്ങളെല്ലാം നടത്തേണ്ടത്. ആശയ സ്വാംശീകരണത്തിനും നൈപുണികളുടെ വികസനത്തിനും അവസരമൊരുക്കി പഠനം സുഗമമാക്കുകയും കൂട്ടായ അന്വേഷണങ്ങളിലൂടെയും ചർച്ചകളിലൂടെയും കുട്ടികളുടെ താല്പര്യങ്ങളെ പരിഗണിച്ച് നേതൃത്വം നല്കുന്ന പങ്കാളിയായി അദ്ധ്യാപകൻ മാറേണ്ടതുണ്ട്. സാമൂഹിക മാറ്റത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയും, പുതിയ സമൂഹത്തെ സൃഷ്ടിച്ചെടുക്കുന്നതിൽ തന്റെ സാമൂഹിക ഉത്തരവാദിത്തത്തെക്കുറിച്ചുള്ള തിരിച്ചറിവും ഉള്ള ഒരദ്ധ്യാപകന് ബോധ പൂർവ്വമായ ശ്രമങ്ങളിലൂടെ ഫോക്‌ലോറിനെ പുതുതലമുറയിലേക്ക് എത്തിക്കുന്നതിൽ പ്രമുഖ പങ്ക് വഹിക്കാൻ സാധിക്കും.

പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, ഗ്രന്ഥശാലയിൽ ഫോക്‌ലോറുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ഉണ്ടെന്നും അവ കുട്ടികൾക്ക് എത്തിച്ചേരുന്നുണ്ടെന്നും ഉറപ്പു വരുത്തുക, ഫീൽഡ് വർക്കുകളിൽ ഒരു നേതാവിന്റെ ചുമതല ഏറ്റെടുക്കുക, ഫോക്‌ലോറുമായി ബന്ധപ്പെട്ട വസ്തുതകൾ ശേഖരിച്ച് പഠിതാക്കൾക്ക് യഥാസമയം നൽകുക തുടങ്ങിയ കാര്യങ്ങൾ ഭാഷാദ്ധ്യാപകന്റെ ചുമതലയിൽപ്പെടുന്നു. ഒരു കാര്യം തീർച്ചയാണ്; ഭാഷാദ്ധ്യാപകന്റെ ഉചിതമായ ഇടപെടലുകളിലൂടെ കുട്ടികളുടെ അഭിരുചികളും താല്പര്യങ്ങളും തിരിച്ചറിയാനും യഥാസമയത്തുള്ള മാർഗ്ഗ നിർദ്ദേശങ്ങളിലൂടെ അത് വളർത്തിയെടുക്കാനും സാധിക്കും. ഫോക്‌ലോറിനു പാഠപുസ്തകത്തിൽ നല്കിയിരിക്കുന്ന പരിഗണനയ്ക്കപ്പുറത്ത്, ഭാഷാദ്ധ്യാപകന്റെ ഇടപെടലുകളിലൂടെ വിദ്യാർത്ഥി സമൂഹത്തിൽ ഫോക്‌ലോറിനോടുള്ള അഭിവാഞ്ഛ നിലനിർത്താനും കഴിയും



## ഉപസംഹാരം

ഭാഷയുടെ സഹബന്ധ വിഷയമെന്ന നിലയിൽ ഫോക്‌ലോറിനെ പരിഗണിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ഭാഷാ പഠനത്തോടൊപ്പം കലകളോടും നാടോടി വിജ്ഞാനീയത്തോടുമുള്ള ആഭിമുഖ്യം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വിദ്യാഭ്യാസത്തിന്റെ ഓരോ ഘട്ടങ്ങളിലും ആനുപാതികമായി ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്. നാടോടി പാരമ്പര്യത്തിന്റെ ചിറകിലേറിയാണ് നമ്മുടെ സാംസ്കാരിക ചരിത്രം രൂപപ്പെട്ടുവന്നതെന്ന സത്യം മനസ്സിലാക്കുകയും അത്തരമൊരു പാരമ്പര്യത്തിന്റെ നിലനില്പിനാവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യേണ്ടുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടുന്നതിന്റെ ബാധ്യത ഓരോ വിദ്യാഭ്യാസ പ്രസ്ഥാനത്തിനുമുണ്ട്. പാഠപുസ്തകങ്ങളിൽ അതിനാവശ്യമായ വസ്തുതകൾ ഉൾപ്പെടുത്തുകയും, ഭാഷാദ്ധ്യാപകർക്ക് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുകയും ചെയ്താൽ ഫോക്‌ലോറിന്റെ നിലവിലുള്ള സ്ഥിതി മാറ്റിയെടുക്കാൻ സാധിക്കും.

# ജനനം, ജീവിതം, മരണം: ആചാരാനുഷ്ഠാനങ്ങളുടെ ഗോത്രസ്വത്വം

മനോജ് മാതിരപ്പള്ളി

പശ്ചിമഘട്ടത്തിലെ കാടുകളിലും മലഞ്ചെരിവുകളിലും താഴ്വരകളിലും അനേകം ആദിവാസികളും അവരുടെ കുടിയിരിപ്പുകളുമുണ്ട്. ഇവരിലധികവും സ്വന്തം ജൈവികചുറ്റുപാടിൽ മാത്രം ജീവിക്കാൻ ഇഷ്ടപ്പെടുന്നു. അതുകൊണ്ടുതന്നെ ഇവിടുത്തെ ഗോത്രജനതയ്ക്ക് പുറംലോകത്തെക്കുറിച്ച് കാര്യമായ അറിവുകളില്ല. എന്നാൽ അത്രപോലും അറിവ് മുഖ്യധാരാസമൂഹത്തിന് ആദിവാസികളെക്കുറിച്ചും ഇല്ലെന്നതാണ് യാഥാർഥ്യം. ജനനം മുതൽ മരണം വരെ, വിശേഷാവസരങ്ങളിലും അല്ലാതെയും ഗോത്രവർഗം അനുവർത്തിക്കുന്ന ശീലങ്ങളുണ്ട്. ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ട്. കാടുമായി ബന്ധപ്പെട്ട അനുഷ്ഠാനകർമങ്ങളും ജീവിതചര്യയുമാണ് ഇവരുടെ സാമൂഹികക്രമത്തിലുടനീളം പ്രകടമാകുന്നത്.

കാലം മാറിയപ്പോൾ ആചാരാനുഷ്ഠാനങ്ങൾ, വംശീയനൃത്തം, സംഗീതം, വാദ്യോപകരണങ്ങൾ, കരകൗശലങ്ങൾ, വാസ്തുവിദ്യ ഇവയെല്ലാം ഉൾപ്പെടുന്ന ഗോത്രസംസ്കാരം ഏറെ മാറ്റങ്ങൾക്ക് വിധേയമായിരിക്കുന്നു. ഇതിലധികവും സംഭവിച്ചത് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലാണ്. സ്വന്തമായി ഭൂമി ഇല്ലാതായതോടെ ആദിവാസികളുടെ അസ്തിത്വത്തിലുണ്ടായ തകർച്ച, സംഘജീവിതത്തിന്റെ ശിഥിലത, വനനശീകരണവും പാരിസ്ഥിതികമാറ്റവും, ആധുനിക വനനിയമങ്ങൾ, ചില ആദിമസമൂഹങ്ങളുടെ വംശത്തകർച്ചയിലേക്കുള്ള നീക്കം, പുറംലോകവുമായുള്ള സമ്പർക്കം, കുടിയിരുപ്പുകളിലെ പുതിയ തലമുറയുടെ



കാഴ്ചപ്പാടിലുണ്ടായ പരിവർത്തനം, ആധുനികവിദ്യാഭ്യാസത്തിന്റെ സ്വാധീനം തുടങ്ങിയവയെല്ലാം ഇതിന് കാരണമായിട്ടുണ്ട്.

മുതുവാൻ, മലപ്പുലയൻ തുടങ്ങി ഇടുക്കിയിലെ മറ്റു ഗോത്രസമൂഹങ്ങളുടേതുപോലെ സമൃദ്ധമല്ലെങ്കിലും ജനനം, വിവാഹം, മരണം എന്നിവയുമായി ബന്ധപ്പെട്ട സവിശേഷമായ ആചാരാനുഷ്ഠാനങ്ങൾ മന്നാന്മാർക്കിടയിലുമുണ്ട്. രണ്ടുമൂന്ന് പതിറ്റാണ്ട് മുൻപുവരെ ഇത് കൃത്യമായി അനുവർത്തിക്കപ്പെടുകയും ചെയ്തിരുന്നു. എന്നാൽ കാലം മാറിയതോടെ സ്ഥിതിഗതികൾ മാറി. പരമ്പരാഗതമായി കൈമാറപ്പെട്ടുവന്ന ആചാരാനുഷ്ഠാനങ്ങളിൽ പലതും കൈമോശം വന്നു. ഇന്നത്തെ യുവതലമുറയിൽപ്പെട്ട പലർക്കും ഇതേക്കുറിച്ച് കേട്ടുകേൾവി മാത്രമേയുള്ളൂ. എങ്കിലും അപൂർവം ചിലയിടങ്ങളിൽ, ചിലരെങ്കിലും ഇവയിപ്പോഴും പിന്തുടരുന്നു. നാമമാത്രമായ ആചാരാനുഷ്ഠാനസ്വത്വം മാത്രമെ ഇത്തരത്തിൽ നിലനിൽക്കുന്നുള്ളുവെന്നതാണ് യാഥാർഥ്യം.

പുനംകൃഷിയുടെ കാലത്ത് മറ്റ് ആദിമസമൂഹങ്ങളെപ്പോലെ മന്നാന്മാർക്കും ഭൂമിശാസ്ത്രപരമായ പരിമിതികൾ ഉണ്ടായിരുന്നില്ല. ആരാലും ചോദ്യം ചെയ്യപ്പെടാതെ ഊരിനുചുറ്റുമുള്ള കാടിന്റെയും മലകളുടെയും അവകാശികളായി അവർ ജീവിച്ചു. ഓരോ വർഷവും പുതിയപുതിയ കൃഷിഭൂമികൾ തേടിപ്പോയി. ഏതെങ്കിലും ദുർന്നിമിത്തത്തെ തുടർന്ന് അതുവരെ ജീവിച്ച കുടിയിരുപ്പിനുപകരം പുതിയൊരു സങ്കേതം തന്നെ സൃഷ്ടിക്കേണ്ടി വന്നാലും അവർക്ക് തടസ്സങ്ങളുണ്ടായില്ല. പുറംലോകവുമായി ബന്ധമില്ലാതിരുന്ന കാലത്തുപോലും നിത്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും സ്വയംപര്യാപ്തത പ്രാപിക്കുവാൻ മന്നാന്മാർക്ക് കഴിഞ്ഞിരുന്നു.

## ജനനം

ഒരു തലമുറ മുൻപുവരെ ഓരോ ജനനത്തെയും മന്നാന്മാർ ആഘോഷത്തോടെയാണ് വരവേറ്റിരുന്നത്. കുഞ്ഞുണ്ടാകുമ്പോൾ രാജാവിന്റെയടുത്തെത്തി മുഖം കാണിക്കും. തിരിച്ചു കുടിലിലെത്തിക്കഴിഞ്ഞാൽ പിന്നെ ആഘോഷമാണ്. വീട്ടുമു

റ്റത്ത് മുളങ്കമ്പും ഈന്തിലയും ഈറ്റയിലയും പനമ്പും ഉപയോഗിച്ച് പന്തലിടും. കുടിയിലുള്ളവരെയും ദൂരയുള്ള കുടികളിലെ ബന്ധുക്കളെയുമെല്ലാം ക്ഷണിക്കും. രാവിലെയും ഉച്ചയ്ക്കും രാത്രിയുമെല്ലാം ഭക്ഷണമുണ്ടാകും. വൈകുന്നേരമായിക്കഴിഞ്ഞാൽ ആട്ടവും പാട്ടുമാണ്. കാലാവൂട്ടിന് ഉപയോഗിക്കുന്ന ചിലപ്പതികാരം കഥയിലെ ചില ഭാഗങ്ങൾ തന്നെയാവും ഇവിടെയും പാടുക. സാധാരണഗതിയിൽ പുരുഷന്മാർ മത്രമേ ആട്ടം നടത്താറുള്ളൂ.

ഇതോടൊപ്പം പേരിടിൽ കർമവും നിർവഹിക്കപ്പെടും. ഇതിനായി കുടിയിലെ കർമ്മി(വാത്തി)യുടെ സാന്നിധ്യമുണ്ടാകും. മലദൈവങ്ങളോടും കാടിനോടും പ്രാർഥിച്ചതിനുശേഷമാണ് ചടങ്ങുകൾ നടക്കുന്നത്. മുളന്തണ്ടിൽ സൂക്ഷിക്കുന്ന നെന്മണികൾ പലകയിൽ ഇട്ടുനോക്കുന്ന കർമ്മി കുട്ടിയുടെ ഭൂതവും വർത്തമാനവുമെല്ലാം ലക്ഷണംനോക്കി പറയും. അതിനുശേഷം കാതിൽ പേരുചൊല്ലി വിളിക്കും. അരിയാൻ, തേവൻ, ചക്കൻ, രാമൻ, പാണ്ഡ്യൻ, ഉലകൻ, ചക്കി, കുഞ്ചാള തുടങ്ങി പരമ്പരാഗതപേരുകൾ തന്നെയാണ് കുട്ടികൾക്കുമിടുന്നത്. മുൻപൊന്നും ഈ പേരുകൾക്ക് പിന്നീടൊരിക്കലും മാറ്റം വരുത്തിയിരുന്നില്ല.

എന്നാൽ കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി കുട്ടികൾ സ്കൂളിൽ പോയി തുടങ്ങിയതോടെ മറ്റൊരു പേരുകൂടി ഓരോരുത്തർക്കുമുണ്ടാകും. ജനനസമയത്ത് കർമ്മിയിടുന്നത് പരമ്പരാഗതവും ഗോത്രത്തനിമയുമുള്ള പേരായിരിക്കുമെങ്കിലും പിന്നീട് സ്കൂളിൽ ചേർക്കുമ്പോൾ സർവസാധാരണമായ മറ്റൊരു പേരുകൂടി സ്വീകരിക്കപ്പെടുന്നു. ഇന്നിപ്പോൾ മിക്കവാറും മന്നാൻകുടികളിലെല്ലാം വംശീയസംസ്കാരത്തിന്റെ ഭാഗമായ പേരിടീൽ കർമ്മവും ഇതോടനുബന്ധിച്ചുള്ള ആചാരങ്ങളും ഇല്ലാതായിട്ടുണ്ട്.

കുഞ്ഞുങ്ങൾക്ക് അസുഖമുണ്ടായാലും കർമ്മിയെ തന്നെയാണ് വിളിക്കുക. കർമ്മി വന്ന് കവടി നിരത്തി ലക്ഷണം നോക്കും. അതിനുശേഷം ദുർശക്തികളുടെ ഉപദ്രവം ഉണ്ടാകാതിരിക്കാനും മലദൈവങ്ങൾ കോപിക്കാതിരിക്കാനുമുള്ള കർമ്മങ്ങൾ ചെയ്യുന്നു. രണ്ടുമൂന്ന് നെന്മണിയെടുത്ത് തുണിയിൽ



പൊതിഞ്ഞ് അരയിലോ കയ്യിലോ കഴുത്തിലോ കാലിലോ കെട്ടും. ഇതോടൊപ്പം പ്രാർഥനകളോടെ ചില മരുന്നുകളും നൽകുന്നു.

മന്നാന്മാരുടെ ഓരോ വീടിനോടും ചേർന്ന് ഒറ്റമുറിയുള്ള ചെറിയൊരു കുടിലുണ്ടാകും. പള്ളമാടം (പള്ളപ്പുര) എന്നാണ് ഇതറിയപ്പെടുക. ഋതുമതിയാവുന്ന പെൺകുട്ടിഒരാഴ്ച ഇവിടെ കഴിയണമെന്നാണ് ഗോത്രനിയമം. മറ്റാരും കൂട്ടിനുണ്ടാവില്ല. ഇക്കാലത്ത് പെൺകുട്ടിയുടെ ഊണും ഉറക്കവുമെല്ലാം പള്ളമാടത്തിലാണ്. ഭക്ഷണം കുടിലിന്റെ വാതിൽക്കൽ വച്ചുകൊടുക്കുന്നു. ഒരാഴ്ചയ്ക്കുശേഷം കുളിച്ച് ശുദ്ധിവരുത്തുന്ന പെൺകുട്ടിയെ ആഘോഷത്തോടെ വീട്ടിലേക്ക് സ്വീകരിക്കും. അന്ന് കുടുംബത്തിൽ വിശിഷ്ടമായ ഭക്ഷണമൊരുക്കുന്നു.

## വിവാഹം

വിവാഹത്തോടനുബന്ധിച്ചും പൂർവികമായ ആചാരാനുഷ്ഠാനങ്ങളുണ്ട്. സാധാരണഗതിയിൽ മുറപ്പെണ്ണും മുറച്ചെറുക്കനും തമ്മിലുള്ള വിവാഹങ്ങളാണ് നടന്നിരുന്നത്. വിവാഹത്തിനും വളരെ നേരത്തെ അതിനുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കും. പെണ്ണിനെ മാതാപിതാക്കളും അമ്മാവന്മാരും അടുത്ത ബന്ധുക്കളും ചേർന്ന് ചെറുക്കന്റെ വീട്ടിൽ കൊണ്ടുവിടുന്നതാണ് ആദ്യ ചടങ്ങ്. ഇവരെ സ്വീകരിക്കാൻ ചെറുക്കന്റെ വീട്ടിലും ഒരുക്കങ്ങൾ നടത്തുന്നു. വിവിധ തരം വനവിഭവങ്ങൾ കൊണ്ടുള്ള വിപുലമായ സദ്യയുണ്ടാവും. പുഴമത്സ്യം കൊണ്ടുള്ള വിഭവങ്ങളും തേനുമെല്ലാം ഇതിന്റെ ഭാഗമാണ്. പെൺകുട്ടിയെ ചെറുക്കന്റെ വീട്ടിലാക്കിയ ശേഷം എല്ലാവരും അന്നുതന്നെ വീട്ടിലേക്ക് മടങ്ങും.

പിന്നെയങ്ങോട്ട് ഒരുവർഷം ചെറുക്കന്റെ വീട്ടിലാണ് പെണ്ണിന്റെ വാസം. അമ്മായിയമ്മയോടൊപ്പം വീട്ടുജോലികളിലും കൃഷിപ്പണികളിലും പെൺകുട്ടിയും പങ്കുചേരും. അമ്മായിയപ്പനെ ശുശ്രൂഷിക്കും. ആ വീട്ടിലെ ശീലങ്ങളെല്ലാം പെണ്ണിന് മനസ്സിലാക്കാനുള്ള അവസരമാണ്. മാത്രമല്ല വീട്ടുകാർക്ക് പെണ്ണിനെയും ബോധ്യപ്പെടണം. ഇക്കാലത്തിനുള്ളിൽ പെണ്ണ് സ്വന്തം വീട്ടിലേക്ക് ഒരിക്കൽപോലും പോകാൻ പാടില്ല. മാതാപിതാ

ക്കൾക്കും ബന്ധുക്കൾക്കും വേണമെങ്കിൽ ഇവിടേക്ക് വരാം. ഇക്കാലത്ത് ചെറുക്കനും പെണ്ണും തമ്മിൽ സംസാരിക്കുന്നതും ബന്ധം പുലർത്തുന്നതും നിഷിദ്ധമാണ്. ഒരു വർഷത്തിനു ശേഷം പെണ്ണിനും ചെറുക്കന്റെ വീട്ടുകാർക്കും(പ്രത്യേകിച്ച് അമ്മായിയമ്മയ്ക്ക്) പരസ്പരം ഇഷ്ടപ്പെട്ടാൽ മാത്രമേ വിവാഹം നടക്കുകയുള്ളൂ. സാധാരണഗതിയിൽ ഇഷ്ടപ്പെടാത്തതിന്റെ പേരിൽ വിവാഹങ്ങൾ മുടങ്ങാറില്ല.

മന്നാന്മാരുടെ എല്ലാ വിവാഹങ്ങളും നടക്കുന്നത് വർഷത്തിലൊരിക്കലാണ്. കോവിൽമലക്കുടിയിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന കാലാവൂട്ടിനോട് (കാർഷികോത്സവം) അനുബന്ധിച്ചാണ് വിവാഹങ്ങൾ നടക്കുക. ഗോത്രത്തലവനായ രാജാവിന്റെ ആസ്ഥാനമായതിനാലാണ് കോവിൽമലയിൽ കാലാവൂട്ട് നടത്തപ്പെടുന്നത്. ഈ ദിവസങ്ങളിൽ ഹൈറേഞ്ചിന്റെ മറ്റു ഭാഗങ്ങളിലുള്ള മന്നാൻകുടിയിരുപ്പുകളിൽനിന്നും കൊച്ചുകുട്ടികൾ മുതൽ വൃദ്ധർ വരെയുള്ള എല്ലാവരും കോവിൽമലയിലെത്തും. പുതുതായി വിവാഹിതരാകാനുള്ളവരും ഇക്കൂട്ടത്തിലുണ്ടാകും. വിവാഹത്തോടനുബന്ധിച്ച് ദീർഘമായ ചടങ്ങുകളൊന്നും ഇല്ല. ഈന്തിലയോ പായയോ വിരിച്ച പന്തലിൽ ചെറുക്കനെയും പെണ്ണിനെയും ഇരുത്തുന്നു. അതിനടുത്ത്, തേനും പഴവും അവിലും സാമ്പ്രാണിയും പൂക്കളും നിറച്ച ചെറിയൊരു താലവും വെയ്ക്കും. പൂജാരിയെത്തിക്കഴിഞ്ഞാൽ ഇരുവരും കൈകൾ കോർത്തുപിടിച്ച് താലത്തിനുചുറ്റും വലംവെക്കും. പിന്നെ പരസ്പരം മാലയണിയിക്കും. അതിനുശേഷം വെറ്റിലയും ചുണ്ണാമ്പും അടയ്ക്കയും ചുരുട്ടി ഇരുവരും വായിൽ വച്ചുകൊടുക്കുന്നു. പിന്നീട് രാജാവിന്റെയും കാരണവന്മാരുടെയും കാൽതൊട്ട് അനുഗ്രഹം വാങ്ങും. അതോടെ ചടങ്ങുകൾ കഴിയുന്നു.

ഗർഭിണിയാവുന്ന സ്ത്രീകളുടെ പ്രസവവും പള്ളമാടത്തിൽ തന്നെയാണ് നടക്കുന്നത്. മാസം തികഞ്ഞ്, ലക്ഷണങ്ങൾ പ്രകടമായി തുടങ്ങുന്നതോടെ ഗർഭിണിയെ കുടിലിലേക്ക് മാറ്റും. കാട്ടിനുള്ളിൽ ജീവിച്ചിരുന്ന കാലത്ത് ആശുപത്രികളെയോ മറ്റു ചികിത്സാകേന്ദ്രങ്ങളെയോ ആശ്രയിക്കാൻ ആദിവാസികൾക്ക് സൗക



ര്യമുണ്ടായിരുന്നില്ല. അതുകൊണ്ട് കുടിയിൽതന്നെയാണ് പ്രസവങ്ങൾ നടന്നിരുന്നത്. എന്നാൽ വീട്ടിൽ സഹോദരങ്ങളും അച്ഛനും ഉൾപ്പെടെ വേറെയും ആളുകളുണ്ടാവും. അതുകൊണ്ടായിരിക്കണം വീടിനോട് ചേർന്ന് പള്ളമാടം കെട്ടുന്ന സമ്പ്രദായം തുടങ്ങിയത്.

ഈ ദിവസങ്ങളിൽ പള്ളമാടത്തിൽ കഴിയുന്ന ഗർഭിണിയുടെ സഹായത്തിന് മുതിർന്ന ഒരു സ്ത്രീയുണ്ടാകും. കുടിയിരുപ്പിലെ വയറ്റാട്ടിമാരായിരിക്കും ഇവർ. സങ്കീർണമായ പ്രസവങ്ങളും ഏതെങ്കിലും തരത്തിലുള്ള അപകടങ്ങളും അമ്മയുടെയോ കുഞ്ഞിന്റെയോ ജീവഹാനിയോ ഒന്നും ഇക്കാലത്ത് സംഭവിച്ചിരുന്നില്ല. പ്രസവം കഴിഞ്ഞാൽ അമ്മയെയും കുഞ്ഞിനെയും വീട്ടിലേക്ക് സ്വീകരിക്കും. ഈ ദിവസങ്ങളിൽ അയൽവാസികളും അടുത്ത ബന്ധുക്കളും വീട്ടിലെത്താറുണ്ട്.

**മരണം**

കുടിയിലെ ഓരോ മരണത്തോട് അനുബന്ധിച്ചും പരമ്പരാഗതമായ ഗോത്രാചാരങ്ങളുണ്ട്. മരിച്ചുകഴിഞ്ഞാൽ ആദ്യം രാജാവിനെയും ഇളയരാജാവിനെയും വിവരമറിയിക്കും. പിന്നീട് അടുത്തും അകലെയുമുള്ള ബന്ധുവീടുകളിലേക്കും കുടികളിലേക്കും അറിയിച്ചുപോകുന്നു. ആളെത്തിക്കഴിഞ്ഞാൽ മൃതദേഹം കുടിലിന്റെ പുറത്തുകിടത്തും. അതിനുശേഷം കൂത്ത് നടത്തുന്നു. ചിലപ്പതികാരം കഥ തന്നെയാണ് ഇവിടെയും പാട്ടായി ഉപയോഗിക്കുക. ആദ്യകാലത്ത് സ്ത്രീകൾ മാത്രമേ ചാവുകൂത്തിൽ പങ്കെടുത്തിരുന്നുള്ളൂ. ഇടയ്ക്കിടെ, മൃതദേഹത്തിനടുത്ത് വിരിച്ചിട്ടുള്ള ഈന്തിലകളിലിരുന്ന് ചേല ഉപയോഗിച്ച് തലമൂടിയ ശേഷം പരസ്പരം കെട്ടിപ്പിടിച്ച് കരയും. ഈ സമയം മരിച്ചയാളിന്റെ ഗുണഗണങ്ങൾ വർണിക്കുന്നു. എന്നാൽ പിൽക്കാലത്ത് ഇത്തരം അവതരണരീതിയൊക്കെ മാറി. പുരുഷന്മാർ മാത്രവും സ്ത്രീകളും പുരുഷന്മാരും ഒത്തുചേർന്ന് നടത്തുന്ന സംഘനൃത്തമായും ചാവുകൂത്തുകൾ രൂപാന്തരപ്പെട്ടു. ചാവർപതി എന്ന പൊതുശ്മശാനത്തിലാണ് മൃതദേഹം സംസ്കരിക്കുക. കർമ്മിയുടെ നേതൃത്വത്തിലാണ് ചടങ്ങുകൾ നടക്കുന്നത്. കാട്ടുകമ്പുകളും തൈതലും ചേർത്തുണ്ടാക്കുന്ന മഞ്ചലിൽ തുണിയിൽ

പൊതിഞ്ഞ മൃതദേഹം കിടത്തി ചാവർപതിയിൽ എത്തിക്കുന്നു. കുഴിക്കുചുറ്റും മൃതദേഹം മൂന്നുതവണ ചുറ്റിയതിനുശേഷം താഴേക്കിറക്കും. ആദ്യം കർമ്മിയും പിന്നീട് മറ്റുള്ളവരും മണ്ണിടും. തുടർന്ന് കുഴിമാടത്തിൽ പ്രത്യേക പ്രാർഥനകൾ നടത്തി എല്ലാവരും മടങ്ങുന്നു. കുട്ടികളെ സംസ്കാരചടങ്ങുകളിൽ പങ്കെടുപ്പിക്കാറില്ല. പിന്നീട്, വർഷത്തിലൊരിക്കൽ കാലാവൂട്ടിനോട് അനുബന്ധിച്ച് പരേതാത്മാക്കൾക്കുവേണ്ടി ചാവർക്കുവയ്ക്കൽ എന്ന ചടങ്ങും നടത്തുന്നു. മരണമടഞ്ഞ പൂർവികർക്കായി വിശേഷാൽ സദ്യയൊരുക്കുന്ന മുഹൂർത്തമാണിത്.

സംസ്കാരത്തിനുശേഷവും ഉറ്റവർ അനുവർത്തിക്കേണ്ട ചില ചടങ്ങുകളുണ്ട്. മരണശേഷമുള്ള ഏഴുദിവസത്തെ വ്രതമാണ് ആദ്യത്തേത്. ഭർത്താവാണ് മരിക്കുന്നതെങ്കിൽ തുടർന്നുള്ള മൂന്നുവർഷം ഭാര്യ പൊട്ടുകുത്തുകയോ, പൂ ചൂടുകയോ ചെയ്യരുത്. ഇക്കാലത്ത് മാല, കമ്മൽ, വള തുടങ്ങിയ ആഭരണങ്ങൾ അണിയുന്നതും ഗോത്രനിയമത്തിന് എതിരാണ്. മൂന്നാമത്തെ വർഷം കാലാവൂട്ടിനോട് അനുബന്ധിച്ച് ചടങ്ങുകൾ കഴിയുന്നു. കുഴിമാടത്തിൽ പോയശേഷം കുളിച്ചുവരുന്ന ഭാര്യയ്ക്ക് ആഭരണങ്ങളെല്ലാം തിരികെ കിട്ടുന്നു. ഭാര്യ മരിക്കുന്ന ഭർത്താവാണെങ്കിൽ അടുത്ത ഒരുവർഷത്തേക്ക് തലമുടി വെട്ടാനോ ഷേവുചെയ്യാനോ പാടില്ല. ഒരുവർഷം കഴിഞ്ഞുള്ള കാലാവൂട്ടിന്റെ കാലത്ത് കുഴിമാടത്തിൽവച്ചുതന്നെ ഇയാൾക്ക് മുടിമുറിക്കാം. ഭാര്യയുടെ സഹോദരന്മാരാണ് ഈ കർമ്മം ചെയ്യേണ്ടത്.

ഇത്തരത്തിൽ ജനനം മുതൽ മരണം വരെ വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങൾക്കും ഗോത്രനിയമങ്ങൾക്കും വിധേയമാണ് മന്നാന്മാരുടെയും ജീവിതം. എന്നാലിപ്പോൾ ഇതിലധികവും കൈമോശം വന്നിരിക്കുന്നു. ഇപ്പോൾ പള്ളമാടങ്ങൾ നാമമാത്രമായിട്ടേയുള്ളൂ. അതുകൊണ്ടുതന്നെ ഋതുമതിയാവുന്ന പെൺകുട്ടികൾക്ക് നിയന്ത്രണങ്ങളില്ല. പ്രസവങ്ങൾ എല്ലാംതന്നെ ആശുപത്രികളിൽ നടക്കുന്നു. പെൺകുട്ടിയുടെ വിവാഹത്തിന് മുന്നോടിയായുള്ള വീടുമാറ്റവും ഇല്ലാതായി. വിവാഹങ്ങളിൽ അധികവും നാട്ടാചാരപ്രകാരമാണ് നടക്കുന്നത്. മരണത്തോട് അനുബന്ധിച്ചുള്ള ചാവുകൂത്തുകളും മഞ്ചലിൽ കിടത്തിയുള്ള സംസ്കാര ചടങ്ങുകളുമൊന്നും മിക്കവാറും സ്ഥലങ്ങളിൽ കാണാനില്ല. കാലാവൂട്ടും അതോട് അനുബന്ധിച്ചുള്ള ആഘോഷവുമാണ് ഇപ്പോഴും അവശേഷിക്കുന്നത്. എന്നാൽ അവിടെയും പരിഷ്കൃതിയുടെ സ്വാധീനം കടന്നുതുടങ്ങിയിരിക്കുന്നു.



## ആചാരാനുഷ്ഠാനങ്ങളിലുണ്ടായ മാറ്റം

പശ്ചിമഘട്ടത്തിലെ കാടുകളിലേക്ക് കുടിയേറ്റം ശക്തമാവുകയും പൊതുസമൂഹവുമായുള്ള സമ്പർക്കം കുറയുകയും വിദ്യാഭ്യാസത്തിലും ജീവിതസൗകര്യങ്ങളിലും മാറ്റമുണ്ടാവുകയും ചെയ്തതോടെ മന്നാന്മാരുടെ സാംസ്കാരികത്തനിമ നഷ്ടപ്പെടാൻ കാരണമായിട്ടുണ്ട്. സാമ്രാജ്യത്വകാലം അവസാനിച്ചതോടെ ഭരണകൂടങ്ങളുടെ പിന്തുണയോടെയും അല്ലാതെയും അനേകമാളുകൾ മലനിരകളിലേക്ക് കുടിയേറിയെത്തി. മുഖ്യധാരാസമൂഹത്തിന്റെ കൗശലങ്ങളിലേക്ക് ആകർഷിക്കപ്പെട്ട ആദിവാസിക്ക് അവന്റെ മണ്ണും സംസ്കാരവുമെല്ലാം നഷ്ടപ്പെട്ടു. കുടിയിരുപ്പുകൾ ഛിന്നഭിന്നമായി. അന്നോളം മലവർഗസംസ്കാരത്തിന്റെ പൈതൃകഭൂമിയായിരുന്ന ഭൂപ്രദേശങ്ങൾക്ക് പുതിയ അവകാശികളെത്തിയപ്പോൾ കാട്ടുജനതയുടെ അസ്തിത്വം തന്നെ അപകടത്തിലായി. 1960-നുശേഷമുള്ള ഇരുപത്തിയഞ്ച് വർഷക്കാലത്താണ് ആദിവാസിഭൂമിയിൽ ഏറിയപങ്കും കൈമാറ്റം ചെയ്യപ്പെട്ടത്.

ചുറ്റുപാടുകൾ മാറിയതോടെ അതിജീവനമായി ആദിമജനതയുടെ മുഖ്യപ്രശ്നം. ഇതിനുവേണ്ടി കാടിറങ്ങി വന്നവരെല്ലാം പുതിയ സംസ്കാരവുമായി ഇടപഴകുകയും അപരിചിതമായ ശീലങ്ങൾ പഠിക്കുകയും ചെയ്തു. ഇതിന് സമാന്തരമായി, ആദിവാസികൾക്ക് സ്വന്തം സംസ്കാരം അപരിഷ്കൃതമാണെന്ന തോന്നലുണ്ടായി. ജീവിതപ്രശ്നത്തെക്കാൾ വലുതാണ് സ്വന്തം സംസ്കാരമെന്ന കാഴ്ചപ്പാടിനെയാണ് ഇവർ തിരസ്കരിച്ചത്. അതുവരെയും ജീവിച്ച ജൈവികചുറ്റുപാടുകളുടെ കാര്യത്തിൽ സംഭവിച്ചതുപോലെ ആദിവാസിയും സ്വയംചുരുങ്ങാൻ നിർബന്ധിതനായി എന്നതാണ് യാഥാർഥ്യം.

ആദികാലം മുതൽ പിന്തുടർന്നുപോന്നിരുന്ന സംഘബോധം ഇല്ലാതായതും പ്രാചീനസമൂഹത്തിന്റെ സാംസ്കാരികശിഥിലതയ്ക്ക് കാരണമായിട്ടുണ്ട്. ഒരുകാലത്ത് സാമൂഹികജീവിതവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളിലും രാജാവിന്റെ നിശ്ചയമായിരുന്നു അവസാനവാക്ക്. സംഘമായി കൃഷിചെയ്യാനും നായാട്ടുനടത്താനുമാണ് ആദിവാസി ശീലിച്ചത്. ഈയൊരു കൂട്ടായ്മാബോധത്തിൽനിന്നായിരുന്നു വംശീയസംസ്കാരത്തിന്റെ രൂപപ്പെടൽ. എന്നാലിപ്പോൾ രാജാവിനെപോലും അംഗീകരിക്കാത്ത സാമൂഹികസംവിധാനമാണ് പല കുടികളിലും നിലനിൽക്കുന്നത്. കെട്ടുറപ്പിന്റെ പഴയകാലത്തിനുപകരം അഭിപ്രായവ്യത്യാസത്തിന്റെയും ഇഷ്ടക്കേടുകളുടെയും അനേകം ചെറുകൂട്ടങ്ങളായി ഓരോ കുടിയിരുപ്പും രൂപാന്തരപ്പെട്ടു. ഒപ്പമുള്ളവന്റെ പ്രശ്നങ്ങളൊന്നും തന്റേതല്ലെന്ന് സ്വയം ബോധ്യപ്പെടുത്തുകയും അതനുസരിച്ച് പ്രതികരിക്കുകയും ചെയ്യുന്ന അവസ്ഥ. കൂട്ടുജീവിതത്തിന് രൂപമാറ്റം സംഭവിച്ചതോടെ ഇതിനെ ആശ്രയിച്ചു നിലനിന്നിരുന്ന ആചാരാനുഷ്ഠാനങ്ങൾക്കും അസ്തിത്വം നഷ്ടപ്പെട്ടു.

വനവിഭവശേഖരണത്തിനായി മുൻപെല്ലാം കാട്ടിനുള്ളിലൂടെ നിരവധി പേരടങ്ങുന്ന കൂട്ടങ്ങളായിട്ടാണ് ആദിവാസികൾ സഞ്ചരിച്ചത്. എന്നാൽ പുതിയ കാലത്തിന്റെ സ്വാധീനമുണ്ടായതോടെ ഇവരുടെ സംഖ്യ കുറഞ്ഞുവന്നു. ഇരുപതും മുപ്പതും പേർ ഒരുമിച്ച് യാത്ര ചെയ്തിരുന്നിടത്ത് അത് പതിനഞ്ചും പത്തുമായി മാറി. ഇപ്പോൾ മിക്കവാറും ഒറ്റയ്ക്കോ അപൂർവമായി മാത്രം മൂന്നുനാലു പേരടങ്ങുന്ന സംഘമായിട്ടോ ആണ് യാത്ര. ഈയൊരു സാമൂഹികസ്ഥിതി നിത്യജീവിതത്തെയും ആചാരാനുഷ്ഠാനങ്ങളെയും ബാധിച്ചു. അധിനിവേശാനന്തര കാലഘട്ടത്തിൽ രൂപമെടുക്കുകയും നടപ്പിൽ വരികയും ചെയ്ത അനേകം നിയമങ്ങൾ മറ്റ് ആദിവാസികളുടെ കാര്യത്തിലെന്നതുപോലെ മന്നാന്മാരുടെയും തനതുസംസ്കൃതിയെ പൂർവാവസ്ഥയിൽ തന്നെ കാത്തുസൂക്ഷിക്കാൻ പര്യാപ്തമായിരുന്നില്ല. ജനാധിപത്യഭരണകൂടത്തിന്റെ, വനനിയമവും വന്യജീവിസംരക്ഷണനിയമവുമെല്ലാം ഈരീതിയിലാണ് ഗോത്രജനതയെ ബാധിച്ചത്. അതുവരെയും മുന്നിൽ തെളി



ഞ്ഞുകിടന്നിരുന്ന കാട്ടിലേക്കുള്ള വഴികൾ കൊട്ടിയടയ്ക്കപ്പെട്ടു.

തനതുസ്വത്വം കാത്തുസൂക്ഷിക്കാൻ ഇഷ്ടപ്പെടുന്ന പഴയജനതയുടെ പ്രതിനിധികളല്ല ഇന്ന് ഇവരുടെ കുടികളിൽ ജീവിക്കുന്നത്. പുറംലോകവുമായി ഏറെ അടുപ്പമുള്ള, അവിടുത്തെ ശീലങ്ങളെക്കുറിച്ച് നന്നായറിയാവുന്ന, അതിനെ ഇഷ്ടപ്പെടുന്ന ഒരു യുവതലമുറയാണ്. പ്രാചീനമായതെന്തും അപരിഷ്കൃതമാണെന്ന് ഇവർ ചിന്തിക്കുന്നു. അതുകൊണ്ടുതന്നെ കാരണവന്മാർ ഇതുവരെ എത്തിച്ച പലതിനെയും കൈപിടിച്ചു മുന്നോട്ടുനയിക്കാൻ പുതിയ തലമുറ തയ്യാറല്ല. നഗരങ്ങളിൽനിന്ന് എത്തുന്നവരെപ്പോലെ കുടിയിലെ ചെറുപ്പക്കാരും സ്വന്തം ആചാരാനുഷ്ഠാനങ്ങളെ കൗതുകത്തോടെയാണ് വീക്ഷിക്കുന്നത്.

മന്നാന്മാർക്കിടയിൽ നിലനിന്നിരുന്ന അവശതയ്ക്കും അറിവില്ലായ്മയ്ക്കും പരിഹാരം കണ്ടെത്തുവാൻ വിദ്യാഭ്യാസം അനിവാര്യഘടകമായിരുന്നുവെങ്കിലും ഇതിലൂടെയും ഗോത്രത്തിന്റെ പ്രാചീനസംസ്കാരത്തിന് അപചയം സംഭവിച്ചു. സമതലങ്ങളിലെയും നഗരങ്ങളിലെയും വിദ്യാഭ്യാസത്തിനുശേഷം മടങ്ങിയെത്തിയ ആദിവാസികൾക്ക് പ്രാഥമികമായി നഷ്ടപ്പെട്ടത് അവന്റെ തനതുഭാഷയായിരുന്നു. ഇന്നിപ്പോൾ പുറംലോകവുമായി ബന്ധമുള്ള വിവിധ കുടികളിലെ യുവതലമുറയിൽ ഭൂരിപക്ഷത്തിനും സ്വന്തം ഭാഷ വ്യക്തമായറിയില്ല. തൊട്ടുപിന്നാലെ കാടും കാട്ടുമൃഗങ്ങളുമായി ഇഴയടുപ്പമുള്ള പരമ്പരാഗത മനോഭാവത്തിലും മാറ്റംവന്നു. ഇതെല്ലാം വിദ്യാഭ്യാസസമ്പ്രദായത്തിന്റെ പോരായ്മയാണെന്ന വിമർശനം ഉയർന്നപ്പോഴും പരിഹാരം നിർദേശിക്കപ്പെട്ടില്ല. മികച്ച വിദ്യാഭ്യാസം നൽകുന്നതിനൊപ്പം തനതുസംസ്കാരം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്താൻ ആധുനികസമൂഹത്തിനും കഴിഞ്ഞില്ല.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലാണ് വിദ്യാഭ്യാസമേഖലയിലെ മാറ്റങ്ങൾക്ക് വിധേയമായി മന്നാന്മാരുടെ പ്രാക്തനസംസ്കൃതിയിലും ഗുണകരമല്ലാത്ത പരിവർത്തനങ്ങളുണ്ടായത്. കാലം കഴിയുന്തോറും വനവിസ്തൃതി ചുരുങ്ങുകയും കാടും നാടും തമ്മിലുള്ള അകലം കുറഞ്ഞുവരികയും ചെയ്തു. ഇതോടെ പൊതുസമൂഹവും ആദിവാസികളും തമ്മിലുള്ള

സമ്പർക്കം വർധിച്ചു. ഗോത്രസംസ്കാരത്തെ അപരിഷ്കൃതമെന്ന് വി ശേഷിപ്പിക്കാൻ മാത്രമല്ല ഇത്തരം സഹകരണങ്ങൾ ആദിവാസിയെ പ്രേരിപ്പിച്ചത്. പുറംലോകപ്രവൃത്തികൾ അനുകരിക്കുവാനും ശീലിപ്പിച്ചു. ഇത്ര വേഗത്തിലുള്ള ഒരു പരിവർത്തനം മന്നാൻസമൂഹത്തെ ഒരുകാലത്തും ബാധിച്ചിരുന്നില്ല. ഗോത്രത്തിന്റെ വിശ്വാസങ്ങളെയും ജീവിതത്തെയും സംസ്കാരത്തെയുമെല്ലാം സ്വാധീനിച്ചുകൊണ്ടായിരുന്നു മാറ്റത്തിന്റെ തുടക്കം. ഇന്നിപ്പോൾ തന്റേതായ ആചാരാനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും ജീവിതവ്യവസ്ഥകളുമെല്ലാം ഇവർക്ക് കൈമോശം വന്നിരിക്കുന്നു.

■



# കെ.ജി.എസ് കവിത

## പാഠങ്ങൾ പാഠഭേദങ്ങൾ

എഡിറ്റർ
ഡോ. ജെൻസി കെ.എ.



# തിരസ്കാരത്തിന്റെ പ്രത്യയശാസ്ത്രം

ആധുനിക മലയാളസാഹിത്യത്തിൽ ശ്രദ്ധേയനായ കവിയാ
ണ് കെ. ജി. ശങ്കരപ്പിള്ള. വിശ്വാസത്തിന്റെ തീവ്രസംഘർഷങ്ങ
ളിൽ നിന്ന് സംസ്ക്കാരത്തിന്റെ സൂക്ഷ്മയാഥാർത്ഥ്യങ്ങളിലേക്കു
ള്ള ദേശാടനങ്ങളാണ് കെ. ജി. ശങ്കരപ്പിള്ളയുടെ കവിതകളെന്ന
ഡോ. പി. കെ. രാജശേഖരന്റെ അഭിപ്രായത്തെ പ്രത്യക്ഷവത്ക്ക
രിക്കുന്ന കവിതയാണ് തിരസ്കാരം. തിരസ്കാരത്തിന്റെ പ്രത്യ
യശാസ്ത്രമാണ് ഈ കവിതയിൽ കാണുന്നത്. സമകാലീനസാ
മൂഹ്യപ്രവണതകൾ സസൂക്ഷ്മം ഈ കവിതയിൽ ചിത്രീകരിക്കു
ന്നുണ്ട്. 'തിരസ്ക്കാരം' എന്ന പദം അനുകൂലവീക്ഷണപദമായാ
ണ് കവിതയിൽ ഉപയോഗിച്ചിരിക്കുന്നത്.

കവിതാരംഭത്തിൽ പ്രത്യക്ഷപ്പെടുന്ന 'മഹർഷി', സാമ്പ്രദായി
ക കീഴ്വഴക്കങ്ങളുടെ പ്രതീകമാണ്. സമൂഹം 'മഹർഷി' എന്ന പ
ദത്തിനോട് കാണിക്കുന്ന വിധേയത്വമനോഭാവം സൂചിപ്പിക്കാൻ
തന്നെയാണ് ഈ പദം തന്നെ കവി ഉപയോഗിച്ചത്. മഹർഷിയു
ടെ ഉപദേശത്തിന് സമൂഹം കല്പിക്കുന്ന മൂല്യം വലുതാണ് എന്ന
തുകൊണ്ടാണ് കാവ്യാരംഭത്തിൽ 'മഹർഷി' തന്നെ കാക്കക്കുഞ്ഞി
നേയും കോഴിക്കുഞ്ഞിനേയും ഉപദേശിക്കാനെത്തുന്നത്. നില
നിൽക്കുന്ന സാമൂഹ്യാവസ്ഥയെക്കുറിച്ചുള്ള വിവരണമാണ് തന്റെ
ഉപദേശത്തിലൂടെ മഹർഷി പകർന്നു നൽകുന്നത്.

കാക്കക്കുഞ്ഞിനും കോഴിക്കുഞ്ഞിനും ചിറകുണ്ട്. പറക്കണമെ
ങ്കിൽ ചിറകിന് ബലം വേണം. അറിവ് ശക്തിയാകുന്നു. പറക്കാ
നുള്ള ചിറകിന്റെ ശക്തി അറിവ് കൊണ്ട് മാത്രമേ നേടാനാവൂ. അ
റിവു നേടിയതിനു ശേഷമേ പറക്കാവൂ. ജീവിതത്തിലെ നീർച്ചാ
ലുകളിൽ ആഴവും ചുഴിയും ഉണ്ട്. സമൂഹത്തിന്റെ തിക്കിലും തിര
ക്കിലും പെടരുത്. നഗരത്തിന്റെ ഭീതിയിലേക്ക് പോകരുത് എ
ന്നിങ്ങനെയാണ് മഹർഷിയുടെ ഉപദേശം. ജീവിതത്തെ ഭയത്തോ
ടെ കാണാനാണ് സമകാലീന സാമൂഹ്യബോധം (മഹർഷി) നിർ



ദ്ദേശിക്കുന്നത്.

ആ നിർദ്ദേശത്തെ ശിരസ്സാവഹിച്ച് കോഴിക്കുഞ്ഞ് തന്റെ ജീവി
തചുറ്റുപാടിൽ ശരിയും തെറ്റും അന്വേഷിച്ച് ഇട്ടാവട്ടത്തിൽ പക്വ
തവരാൻ കാത്തിരുന്നു. എന്നാൽ കാക്കക്കുഞ്ഞാകട്ടെ ഉപദേശത്തെ
തിരസ്കരിച്ച് സ്വപ്നങ്ങൾ സ്വന്തമാക്കാനായി പറന്നു പൊങ്ങി.
പറന്നാൽ മാത്രമേ തന്റെ ചിറകിന് ശക്തി ലഭിക്കൂ എന്ന തിരിച്ചറി
വ് കാക്കക്കുഞ്ഞിന്റെ സാമ്പ്രദായിക കീഴ്വഴക്കങ്ങളെ (മഹർഷി
യുടെ ഉപദേശം) തിരസ്കരിക്കാൻ പ്രേരിപ്പിച്ചു. നിലനിൽക്കുന്ന
സാമൂഹ്യാവസ്ഥയെ എതിർത്തുകൊണ്ട് ആകാശത്തേക്ക് പറന്നു
യർന്ന കാക്കക്കുഞ്ഞിന് ധാരാളം പ്രതിസന്ധികളെ നേരിടേണ്ടി
വന്നു. അവന്റെ ലോകം വൃത്തത്തിൽ നിന്നും രേഖീയമായി മാറി.
തിരസ്കാരത്തിന്റെ ആദ്യ കയ്പുരസങ്ങൾ പിന്നീട് അവന് സ്വാത
ന്ത്ര്യത്തിന്റെ മധുപാനീയമായി മാറി.

ജീവിതത്തിൽ പലതോൽവികളും അവനറിഞ്ഞു. ജീവിതം
തോൽക്കാനും കൂടിയുള്ളതാണെന്ന തിരിച്ചറിവ് അവനെ കൂടു
തൽ മാനസിക ബലമുള്ളവനാക്കി. തോൽവിയിലും അവൻ ജയം
കണ്ടെത്തി. മയിലിനോട് സൗന്ദര്യത്തിലും, കുയിലിനോട് സംഗീ
തത്തിലും അരയന്നത്തോട് നിറത്തിലും നടത്തത്തിലും തോറ്റ് എ
വിടേയും എപ്പോഴും ചെല്ലാമെന്ന ജനകീയതയിൽ അവൻ ജയിച്ച്
വെളിച്ചത്തിന്റെ കിടാവായി. കറുപ്പ് ശക്തിയുടെ നിറമായി കണ്ട്
കറുകറുത്ത് അവൻ വലിയ ഒരു കാക്കയായി വളർന്നു. മയിലിനും
കുയിലിനും അരയന്നത്തിനും ജനമദ്ധ്യത്തിൽ പ്രവേശിക്കാൻ ചി
ല നിബന്ധനകളുണ്ട് എന്നാൽ എവിടെയും യാതൊരു തടസ്സങ്ങ
ളുമില്ലാതെ സർവ്വ സ്വാതന്ത്ര്യത്തോടെ പ്രവേശിക്കാൻ കാക്കയ്ക്ക്
സാധിക്കുന്നു എന്നതാണ് കാക്കയുടെ ജനകീയത. മറ്റ് കഴിവുക
ളേക്കൾ ജനകീയത മികച്ചുനിൽക്കുന്നതിനാൽ അവരുടെ മുന്നിൽ
കാക്ക ജനകീയത കൊണ്ട് വിജയിക്കുന്നു. അതുകൊണ്ടുതന്നെ
ഭൂമിയിലും ആകാശത്തിലും അവന്റെ വഴികൾ അവസാനിക്കുന്നി
ല്ല. വെളിച്ചത്തിൽ അവൻ സർവ്വ സ്വാതന്ത്ര്യത്തോടും കൂടെ പറ
ന്നു നടന്നു. അവൻ സ്വന്തമായി സ്വത്വത്തെ നേടി.

കോഴിക്കുഞ്ഞ് വീട്ടുമുറ്റത്ത് ഈട്ടാവട്ടത്തിൽ കഴിഞ്ഞു. പോറ്റി
വളർത്തുന്നവർ നൽകുന്ന അരിമണികൾ കൊത്തി പെറുക്കി ഒരു
കൂട്ടിൽ അടയ്ക്കപ്പെട്ട് സ്വാതന്ത്ര്യം അറിയാതെ വളർന്നു. പറന്നാ
ലേ ചിറകിന് ശക്തി ഉണ്ടാകൂ എന്ന തിരിച്ചറിവില്ലാത്തതിനാൽ
പറക്കാൻ ശ്രമിക്കാതെ ചിറകിന്റെ കഴിവിനെ നശിപ്പിച്ച് ചികഞ്ഞു

നടന്ന് ജീവിച്ചു. ഒരിക്കൽ പോലും പറക്കാൻ ശ്രമിച്ചില്ല. വളരുംതോറും ആ ശേഷി ഇല്ലാതാവുകയും ചെയ്തു. സമൂഹം നൽകുന്ന സുരക്ഷിതത്വത്തിലും തണുപ്പിലും ഒതുങ്ങി കൂടി. സ്വന്തമായ സ്വത്വാന്വേഷണമില്ല, രുചിഭേദങ്ങളില്ല, സംരക്ഷിക്കുന്നവർ നൽകുന്ന രുചികളിൽ കോഴിക്കുഞ്ഞ് ഒതുങ്ങി. നല്ലതും ചീത്തയും തിരിച്ചറിയാതെ തിരിച്ചറിവില്ലാതെ വളർന്നു. നടന്നു നടന്നു തന്റെ ചുറ്റുപാടുകൾ പരിചയിച്ചു. മുറ്റത്തും ഇറയത്തും ഇടനാഴിയിലും മുറികളിലും കയറിയിറങ്ങി നടന്നു. വീടിന്റെ ചുറ്റുപാടുകൾ മാത്രം മനസ്സിലാക്കി ജീവിച്ചു. അതിനപ്പുറം ഒരു ലോകമില്ല എന്ന വിശ്വാസത്തിൽ ഒരു വട്ടത്തിൽ ഒതുങ്ങി. കോഴിക്കുഞ്ഞിന്റെ സഞ്ചാരപഥം ഒരു വൃത്തമായി മാറി. സ്വഭാവത്തിൽ ഭയം നിഴലിച്ചു. സൗന്ദര്യത്തിൽ ശ്രദ്ധിച്ചും മോഹിച്ചും പേടിച്ചും നാണിച്ചും മടിച്ചും മേനി ഭാവിച്ചും തടിച്ചു കൊഴുത്ത് സ്വത്വ ബോധമില്ലാതെ വളർന്നു. തിരസ്ക്കാരത്തിലൂടെ സ്വാതന്ത്ര്യം നേടിവന്നവർ അനുസരണശീലങ്ങളെ പിടിച്ചു തിന്നു.

കാക്കക്കുഞ്ഞും കോഴിക്കുഞ്ഞും സമകാലീന ജീവിതത്തിൽ ആൺ-പെൺ ഭേദങ്ങളാകുന്നു. സാമ്പ്രദായിക കീഴ്‌വഴക്കങ്ങളിൽ അഭിരമിച്ചു കഴിയുന്ന പെണ്ണായി കോഴിക്കുഞ്ഞിനേയും സ്വാതന്ത്ര്യത്തിലേക്ക് നിഷേധാത്മകമായി കീഴ്‌വഴക്കങ്ങളെ വലിച്ചെറിഞ്ഞ് മുന്നേറുന്ന കരുത്തിന്റെ പ്രതീകമായ ആണായി കാക്കക്കുഞ്ഞിനേയും ബിംബവത്ക്കരിച്ചിരിക്കുന്നു. നിലനിൽക്കുന്ന സാമ്പ്രദായികതയിൽ തണലിൽ തണുപ്പിൽ നെല്ലും പതിരും ചികഞ്ഞും സൗന്ദര്യത്തിൽ ശ്രദ്ധിച്ചും പേടിച്ചും മോഹിച്ചും നാണിച്ചും മടിപിടിച്ചും മേനി ഭാവിച്ചും തന്നിലേക്ക് തന്നെ ഒതുങ്ങി സ്വന്തമായ സ്വത്വാന്വേഷണമില്ലാതെ കോഴിക്കുഞ്ഞ് പെണ്ണായി മാറുന്നു. തിരസ്കാരത്തിന്റെ പ്രത്യയശാസ്ത്രം ഉൾക്കൊണ്ട് ജീവിതത്തിലെ വെല്ലുവിളികളെ ശക്തികൊണ്ടും ഉണർവ്വുകൊണ്ടും ശ്രദ്ധകൊണ്ടും അറിവുകൊണ്ടും ജനകീയത കൊണ്ടും തിരിച്ചറിവുകൊണ്ടും ജയിച്ച്, ലക്ഷ്യബോധത്തോടെ അതിരുകളില്ലാതെ മുന്നേറി ശക്തിയാണ് സൗന്ദര്യമെന്ന് തിരിച്ചറിഞ്ഞ് കറുകറുത്ത് കാക്കക്കുഞ്ഞ് ആണായി തീരുന്നു.

അറിവും പക്വതയും നേടി തിരിച്ചെത്തിയ ആണിന് മുന്നിൽ തലകുനിച്ച് നിന്ന് അവന്റെ വിശപ്പിനുള്ള ഉപഭോഗവസ്തുവായി മാറുന്ന പെണ്ണിനെയാണ് കവിതാവസാനത്തിൽ കാണുന്നത്. അറിവിന്റെ ലോകം രണ്ടു പേർക്കും ഒരു പോലെയാണ് പക്ഷെ കീഴ്‌വഴക്കങ്ങളെ പേടിച്ച് ജീവിച്ചാൽ ഒരിക്കലും അത് നേടാനാവില്ല എന്നതാണ് കവി ചൂണ്ടിക്കാണിക്കുന്ന തിരസ്കാരത്തിന്റെ പ്രത്യയശാസ്ത്രം.



സ്വന്തമായി ഇഷ്ടാനിഷ്ടങ്ങളില്ലാതെ, അഭിപ്രായമില്ലാതെ, സ്വത്വബോധമില്ലാതെ മറ്റുള്ളവരുടെ താത്പര്യം സംരക്ഷിച്ച് ജീവിക്കാൻ വേണ്ടി സാമ്പ്രദായികക്രമങ്ങളെ മുന്നിൽനിർത്തി ഇട്ടാവട്ടത്തിൽ വളർത്തപ്പെടുന്നവളാണ് സ്ത്രീ. അവളുടെ ലോകം തീരുമാനിക്കുന്നത് മറ്റുള്ളവരാണ്. മറ്റുള്ളവരുടെ ചിന്തകളെയാണ് അവൾ സ്വീകരിക്കുന്നത്. അവൾക്ക് സ്വന്തമായി ചിന്താശേഷിയില്ലാതാവുന്നു. കവി ഇവിടെ കോഴിയായി ചിത്രീകരിക്കുന്നത് സ്ത്രീയെയാണ് ഇനിയെങ്കിലും സ്വന്തം കഴിവുകൾ തിരിച്ചറിഞ്ഞ് ചിറകിന്റെ പറക്കാനുള്ള ശേഷിയെ നശിപ്പിക്കാതെ സ്വന്തമായ ഇടങ്ങൾ കണ്ടെത്താൻ അവൾ ശ്രമിക്കണം. ഇല്ലെങ്കിൽ മറ്റുള്ളവരുടെ ഉപഭോഗവസ്തുവായി അവൾക്ക് മാറേണ്ടിവരും എന്ന ആശയമാണ് കാവ്യാവസാനത്തിൽ വ്യക്തമാകുന്നത്.

നിലനിൽക്കുന്ന കീഴ്‌വഴക്കങ്ങളെ പ്രതിരോധിക്കാൻ എന്ന് സ്ത്രീക്ക് സാധിക്കുന്നുവോ അന്ന് മാത്രമേ അവളുടെ ചിറകുകൾക്ക് പറക്കാനുള്ള ശക്തി ഉണ്ടാവൂ. തിരസ്കാരത്തിന്റെ പ്രത്യയശാസ്ത്രം മനസ്സിലാക്കുന്ന സ്ത്രീയ്ക്ക് വിജയത്തിലേക്ക് പറക്കാൻ സാധിക്കും എന്നതിൽ യാതൊരു സംശയവുമില്ല.

**രാഗി ശേഖരൻ കെ.**

*അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം,*
*എസ്. എൻ. എം. കോളേജ്, മാല്യങ്കര.*

**ആധാരഗ്രന്ഥസൂചി**

1. പരമേശ്വരൻ പിള്ള, എരുമേലി മലയാള സാഹിത്യചരിത്രം കാലഘട്ടങ്ങളിലൂടെ, പ്രതി ബുക്സ്, മാവേലിക്കര - 6, 2003.
2. ഡോ. ലീലാവതി എം., കവിതാ സാഹിത്യചരിത്രം, കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ, 2002.
3. ശങ്കരപ്പിള്ള കെ. ജി., കെ. ജി. ശങ്കരപ്പിള്ളയുടെ കവിതകൾ, ഡി. സി. ബുക്സ്, കോട്ടയം, 2005.

## കെ. ജി. എസ് കവിത :
## ആത്മ-അപര സംവാദത്തിന്റെ നിർവ്വചനങ്ങൾ

"വിഷാദതരളമായ ഭാവലോലുപത്വം കൊഴിഞ്ഞു. അതിന്റെ ഇളംകാറ്റുഭാഷയും പഞ്ഞിക്കവിതയും കൊഴിഞ്ഞു.ദൃഢവും നിയന്ത്രിതവുമായ കവിത ഞാനാഗ്രഹിച്ചു. കാലം മുറുകിയ കവിത. ചരിത്രാനുഭവത്തിന്റെ ഒരു വലിയ പദാവലി ഓരോ കാലവും പുതുതായി ഒരുക്കുന്നു. പൊതുവിധിയുടെ പുതുഗഹനതയും. അവിടെ ഓരോ തലമുറയും സ്വയം കേൾക്കണം. എഴുതണം. കാരണം ഓരോ തലമുറയും ഓരോ പുതിയ അനുഭവമേഖലയാണ്. പുതിയ അനുഭവത്തിന് പഴയ കാവ്യരൂപം പോരാ.വൃദ്ധരുചി എത്ര കയർത്താലും കവിത പുതുതായിക്കൊണ്ടിരിക്കും, ഓരോ ഭാഷയിലും എന്നും."

ആധുനികകവിതയുടെ പൊതുപരിസരത്തുനിന്ന് വേറിട്ട് സഞ്ചരിച്ച കെ.ജി.ശങ്കരപ്പിള്ളയുടെ വാക്കുകളാണിത്. പലതരം പറച്ചിലുകളുടെയും എഴുത്തുകളുടെയും സന്ദർഭനിഷ്ഠവും വ്യക്തിഗതവുമായ ഇണക്കപിണക്കങ്ങളാണ് കവിത എന്ന വ്യവഹാരരൂപം. വാക്കുകളുടെ നിലയ്ക്കാത്ത ധ്വനികളിലൂടെ സംവാദരൂപിയായ ഭാഷയെ സ്വയം നിർവ്വചിക്കാനുള്ള ഉപാധിയായി കവികൾ ഉപയോഗിക്കുന്നു. ഭാഷയുടെ ഈ സംവാദാത്മകത അത് പ്രയോഗിക്കുന്ന വ്യക്തിസത്തയിലും തെളിഞ്ഞും മറഞ്ഞും കാണാം. ഞാനും (self) എന്റെയുള്ളിലെ അപരനും അപ്പോൾ പ്രത്യക്ഷമാകുന്നു. ഈ ആത്മ-അപരസംവാദത്തെ പ്രശ്നവൽക്കരിക്കുന്ന കെ.ജി.എസ് കവിതയാണ് 'മെഴുക്കുപുരണ്ട ചാരുകസേര.'

അഴുക്കും മെഴുക്കുമടിഞ്ഞ ശൂന്യമായ ചാരുകസേരയാണ് കവിതയിലെ കേന്ദ്രബിംബം. ഒറ്റയ്ക്ക് മൃഗശാല കാണുന്നതിനുള്ള



വിരസതയും വിവശതയും വർണ്ണിച്ചുകൊണ്ടാണ് കവിത ആരംഭിക്കുന്നതും അവസാനിക്കുന്നതും. തന്റെയുള്ളിലെ അപരനെ എപ്പോഴും ഇണക്കാൻ ശ്രമിക്കുകയും അതിൽ പരാജയപ്പെട്ട് പിണക്കസ്സുഖത്തിന്റെ ഏകാന്തതയിൽ വലയുകയും ചെയ്യുന്ന കവി നഗരത്തിലെ മൃഗശാലയിലെത്തുന്നു. അഴികൾക്കപ്പുറത്തുള്ള ജീവികൾ കുശലങ്ങളാരായുന്നതും ആ ഗതികിട്ടാപിതൃപ്പേടിരൂപങ്ങളോടു സംസാരിക്കുന്നതും അയാളിൽ മൗഢ്യമുണർത്തും. അതിനാൽ 'കാണരുത് മൃഗശാലയേകനായ്' എന്ന മുന്നറിയിപ്പ് കവി തുടക്കത്തിലേ നൽകുന്നു. കരയിലും ആകാശത്തിലും കടലിലുമുള്ള വിഹാരസൗഖ്യങ്ങളും വീട്ടുതൊഴുത്തിലെ വിചാരമൗഢ്യങ്ങളും പങ്കുവെക്കാനല്ല അയാൾ നഗരത്തിൽ വന്നത്.

'ഇവിടെയുണ്ടെന്റെയാത്മമിത്രം ഞങ്ങ-
ളെന്നേ പിണക്കസുഖത്തിൽ.
അതുമടുത്തത്രെയിന്നെത്തി ഞാൻ, നേരമായ്,
ഇനിയല്പമാകാമിണക്കദുഖം'

ആഖ്യാതാവിന്റെ ഈ ആത്മമിത്രമാര് എന്ന ചിന്തയിലേക്കാണ് വായനക്കാരൻ തുടർന്ന് സഞ്ചരിക്കുക.

'അറിയുന്നു പറയാതെ
നാം തമ്മിലെല്ലാം
നാം തമ്മിലല്ലാതെ
യുക്തിയുക്തം നമ്മ-
ളാരേ ശരിക്കും വെറുക്കും
എതിരായി നാം നമു-
ക്കെന്നോട് നീ തന്നെ'

സ്വത്വവും അപരവും ഉള്ളടങ്ങുന്ന സംവാദാത്മകബന്ധത്തിന്റെ നിലനില്പ്പിനെയാണ് കെ.ജി.എസ് ഭാഷയുടെ സൂക്ഷ്മഭാവങ്ങളിലൂടെ സംവേദനം ചെയ്യുന്നത്. ആത്മം /അപരം എന്നീ ദ്വന്ദ്വകല്പ്പനകളിൽ ആത്മം അപരത്തെ നിർണ്ണയിക്കുന്നു എന്നു കരുതുന്നതുപോലെ അപരം ആത്മത്തെയും നിർണ്ണയിക്കുന്നു. അഥവാ അ

പരം ഉള്ളതുകൊണ്ടാണ് 'ഞാൻ' ഞാനാകുന്നത് എന്ന ബഖ്തീനിയൻ കാഴ്ചപ്പാട് കവിതയിലെ ആത്മമിത്രത്തെ പിന്തുടരുന്നുണ്ട്. അപരസ്വത്വങ്ങളുമായുള്ള വലിച്ചുനീട്ടാവുന്ന സംബന്ധ (Tensile Relationship)ത്തിലാണ് കവിതയിലെ 'ആത്മം' നിലനില്ക്കുന്നത്. ഈ സംബന്ധം സാധ്യമാകുന്നതിൽ സംവേദന (Communication)ത്തിന് വലിയ പങ്കുണ്ട്. അതില്ലാതാകുമ്പോഴാണ് 'ചില്ലുകളിലഴുക്കും മെഴുക്കും പുരണ്ട്' അവരുടെ ദർശനം മ്ലാനമാകുന്നതായും ഓർമ്മകൾ മധപരം കുറഞ്ഞ് മകിണ്ടതായും അയാൾക്ക് തോന്നുന്നത്. പിന്നീട് അവനോടുള്ള സംവേദനം സാധ്യമാക്കാനായി വേണ്ട വഴികൾ തേടിയുള്ള ചിന്തകളും യാത്രകളുമാണ്.

'രുചിമാറി മൊഴിമാറി
കൊടിമാറി, അവനിന്ന്
ഞാനെന്ത് കരുതേണ്ടുകൈയിൽ ?
അവിലല്ല കുരിശല്ല വാഴ്ത്തല്ല വരമല്ല
സാർത്രല്ല മാർക്സല്ല
ഞാനെന്ത് കരുതേണ്ടുകൈയിൽ ? '

ഇതിനു സമാന്തരമായിട്ടാണ് ജനലഴികൾക്കപ്പുറത്ത് ശൂന്യമായ, മെഴുക്കു പുരണ്ട ചാരുകസേര എന്ന ബിംബം കടന്നുവരുന്നത്. ഇവിടെ ആത്മ-അപരത്തിന്റെ അഭാവം തീവ്രമായ അനുഭവമായി മാറുന്നു.

'അതിലില്ല വായിച്ചിരിപ്പവൻ, സ്നേഹ-
മറിവാക്കിയോൻ, അറിവ് ധീര-
സമരങ്ങളായ് വിതച്ചോൻ.
വിളവായതിൽ നിന്ന്
ചെറുചെറുതണലിൻനിര.
വിളഞ്ഞില്ല പക്ഷേയതിൽ നൂറല്ല
പത്തല്ല മേനിയുമിണക്കം
ഇല്ലാതെയായ്
പണ്ടിവിടെയൊരു വിളക്കിന്റെ



തിരികളായ് കത്തിയോർ.
അവർ തന്നെയഗ്നിശലഭങ്ങളായ്
പിന്നെ വരവായ കാളാഗ്നിനിയമങ്ങളിൽ.'

ആത്മം 'അവനി'ൽ നിന്നും 'അവരി' ലേക്ക് പടരുന്നു. ചിലർ തടങ്കലിലും ചിലർ വിഷങ്ങളിലും ചിലർ ഭ്രാന്തിലും ഒടുങ്ങിയ വിശ്വാസത്തിന്റെ പരിണാവത്തെപ്പറ്റി അയാളെ ഓർമ്മിപ്പിക്കുന്നു. മൃഗശാലയിലെ ഗതികിട്ടാപിതൃപ്പേടിരൂപങ്ങളിൽ പലതിനോടും അവ സാമ്യപ്പെടുന്നു. ഈ ബോധത്തിന്റെ വിങ്ങലും വിനിമയം സാധ്യമാവാത്ത അവസ്ഥയും കനത്ത ഏകാന്തതയുടെ അതേ പഴയതളത്തിൽ അയാളെ കൊണ്ടെത്തിക്കുന്നു.

'അവനില്ല
പോയവനെവിടെയോ, താഴിട്ട്
വീടിന്റെയുള്ള് പൂട്ടി'

എന്ന പ്രയോഗം അകം തുറക്കാത്ത അപരന്റെ അഥവാ അവനവന്റെ നേർക്കുതന്നെ നീളുന്നു. അവനവൻ അവരവരാകുന്നു. അകംപൂട്ടിയ വീട്ടിനകത്തുനിന്ന് അയാൾ വീണ്ടും കാണുന്നത് ഓരോരോ തടവറയുടെ ആരൂഢപീഠങ്ങളിൽ ചലിക്കുന്ന ഗതികിട്ടാപിതൃപ്പേടിരൂപങ്ങളെയാണ്.

വന്നുപോയവരിൽ ദൂരത്തെ മക്കളെത്തിരയുന്ന കണ്ണുകൾ, മുഷിഞ്ഞ നോട്ടത്തിന്റെ കണ്ണുകൾ, മൗനപ്രകാശത്തിന്റെ നനവാർന്ന കണ്ണുകൾ, എന്തോ മറന്ന നോട്ടങ്ങൾ ...... പലതരം മൃഗനോട്ടങ്ങളിൽ കനംതൂങ്ങിനില്ക്കുന്ന ഏകാന്തത ആരോടുമിണങ്ങാത്ത ഒരാദിമമൃഗംപോലെ അയാൾക്കനുഭവപ്പെട്ടു.

പിണക്കസുഖം, ഇണക്കദുഖം, വീടിന്റെയുള്ള് പൂട്ടുക, മെഴുക്കടിഞ്ഞ....., ഇരുട്ടിലെ എലിപ്പേച്ചുകൾ, ചെരിനോട്ടക്കാക്കപ്പകൽ, വെറുപ്പ് ദഹിക്കുന്ന പാഴ്വയറുകൾ തുടങ്ങിയ ബിംബസമൃദ്ധമായ കവിതയിലെ ഭാഷ അവനവനിലെ ബന്ധങ്ങളുടെ വിനിമയസന്ദിഗ്ധതകളും സങ്കീർണ്ണതകളും വിവൃതമാക്കുന്ന സൂചകങ്ങളാകുന്നു.

'ഒന്നിനെത്തന്നെ നോക്കിയിരിക്കുമ്പോൾ ഞാൻ
അനേകരായി പൊട്ടിപ്പിരിയുന്നു
പുഴയുടെ ഒരുമ വേണ്ടപ്പോൾ ഞാൻ

മഴയുടെ ചിതറലാവുന്നു'
(പല പോസിലുള്ള ഫോട്ടോകൾ)
എന്നിടത്ത് സ്വത്വത്തിന്റെ പെരുമകളാണ് എങ്കിൽ,

'ഏറ്റവും ഇഷ്ടം?
എന്നെത്തന്നെ
അത് കഴിഞ്ഞാൽ?
അത്
കഴിയുന്നില്ലല്ലോ...'
(അഭിമുഖം)

എന്നിടത്ത് അപരത്തെ ഒളിക്കുന്ന കള്ളത്തരവും കാണുന്നു. വ്യക്തിത്വത്തിന്റെ ചിതറലും പടരലും സംവാദരൂപിയായ ഭാഷാശില്പത്തിന്റെ ചലിക്കുന്ന ചിത്രങ്ങളായി ഈ കവിതകളിലൊക്കെയും വിഹരിക്കുന്നു.

എന്ത് തരം ജീവിതമാണ് തങ്ങൾ ജീവിക്കുന്നതെന്ന് സ്വയം കാണാൻ ജനങ്ങളെ പ്രേരിപ്പിക്കാൻ കവിതയ്ക്ക് കഴിയുമെന്ന് ഒരിടത്ത് കെ.ജി.എസ്. പറയുകയുണ്ടായി. മനുഷ്യനെ അവൻ ജീവിക്കുന്ന കാലത്തിന്റെ ആഴത്തിലേക്കും അവന്റെ സത്തയുടെ ആഴത്തിലേക്കും നോക്കാൻ പ്രേരിപ്പിക്കുകയാണ് കെ. ജി. ശങ്കരപിള്ളയുടെ പല കവിതകളും ചെയ്തിട്ടുള്ളതും.

**ശ്രുതി. കെ**
*(ഗവേഷക, കാലിക്കറ്റ് യൂണിവേഴ്സിറ്റി)*

**ഗ്രന്ഥസൂചി**

*ശങ്കരപ്പിള്ള കെ ജി, 2005, കെ ജി ശങ്കരപ്പിള്ളയുടെ കവിതകൾ (1969- 96), ഡി.സി. ബുക്ക്സ്, കോട്ടയം*

*അജയകുമാർ എൻ , 2008, കവിതയുടെ വഴികൾ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം*

*എൻ ശശിധരൻ, ദേശത്തെ എഴുതുന്നതാണ് എഴുത്ത്, സുകൃതം മാസിക, ജൂൺ- സെപ്റ്റംബർ 1994*